# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ. എസ്. എ. ടി. എസ്. ആർ. (എം3)- 405/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി

സർ,

വിഷയം : ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ. എസ്. എ. ടി. എസ്. ആർ. (എം3)-405/2023 തീയ്യതി: 29/04/2023

## തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധാ ദാസ് | ജോയിന്റ് ഡയറക്ടർ | 01-03-2023 | 13-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-03-2023 | 13-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സീനത്ത് പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു പി ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി. അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സോണിയ ഗിരി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് അനസ് കെ.എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗീതാകുമാരി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| സി.എസ് | | | |
| ശ്രീ.പ്രസാദ്.വി.എസ് | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.സൈനുദ്ദീൻ കെ.എം | ഹെൽത്ത് സൂപ്പർവൈസർ [എച്ച്.ഐ ഇൻ ചാർജ്] | 01-04-2021 | 30-06-2021 |
| ശ്രീ.സൈനുദ്ദീൻ കെ.എം | ഹെൽത്ത് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ശ്രീ.സൈനുദ്ദീൻ കെ.എം | പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ [എച്ച്.ഐ ഇൻ ചാർജ്] | 01-04-2021 | 23-08-2021 |
| ശ്രീ. വിൽസൺ എം.എക്സ് | പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ | 24-08-2021 | 31-03-2022 |
| ശ്രീമതി.ആൻസി.യു.എ | കൃഷി ഓഫിസർ,പൊറത്തിശ്ശേരി | 01-04-2021 | 31-03-2022 |
| ശ്രീമതി.ചൈത്ര പി.യു | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സലോമി കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ബാബുരാജ് ടി.എ | സീനിയർ വെറ്ററിനറി സർജൻ , വെറ്ററിനറി പോളി ക്ലിനിക് , ഇരിങ്ങാലക്കട | 01-04-2021 | 31-03-2022 |
| ഡോ.ഷിബു കെ.വി | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി, കരുവന്നൂർ | 01-04-2021 | 31-03-2022 |
| ഡോ.മിനിമോൾ എ.എ | സൂപ്രണ്ട്,ജനറൽ ആശുപത്രി, ഇരിങ്ങാലക്കട | 01-04-2021 | 31-03-2022 |
| ഡോ.ബിനു. കെ.ബി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പൊറത്തിശ്ശേരി | 01-04-2021 | 31-03-2022 |
| ഡോ.പ്രീതി ജോസ് | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം എ.വി.എം.ജി.എ എച്ച് ഇരിങ്ങാലക്കട | 01-04-2021 | 31-03-2022 |
| ഡോ.പ്രതിഭ കെ.സി | മെഡിക്കൽ ഓഫീസർ,ഗവ.ഹോമിയോ ഡിസ്പെൻസറി,ഇരിങ്ങാലക്കട | 01-04-2021 | 31-03-2022 |
| ഡോ.സ്മിത ടി.വി | മെഡിക്കൽ ഓഫീസർ,ഗവ.ആയുർവ്വേദഡിസ്പെൻസറി,പൊറത്തിശ്ശേരി | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനി.ഇ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രമ്യ ജോസഫ് | പ്രിൻസിപ്പാൾ ജി.എം.ബി.വി. എച്ച്.എസ്.എസ്. ഇരിങ്ങാലക്കട | 01-04-2021 | 31-03-2022 |
| ശ്രീമതി ഹേന കെ.ആർ | പ്രിൻസിപ്പാൾ,ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഗേൾസ് ഇരിങ്ങാലക്കട | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു.പി. ജോൺ | പ്രിൻസിപ്പാൾ, ജി.എം ജി .എച്ച്.എസ്.എസ്. ഇരിങ്ങാലക്കട | 01-04-2021 | 31-03-2022 |
| ശ്രീ. കൃഷ്ണനുണ്ണി. എ | പ്രിൻസിപ്പാൾ,ജി.എം.ബി.എച്ച്.എസ്.എസ്,ഇരിങ്ങാലക്കട | 01-04-2021 | 31-03-2022 |
| ശ്രീമതി. ജ്യോതി പി.ആർ | ഹെഡ്മിസ്ട്രസ്സ് ജി ജി വി എച് എസ് എസ് ഇരിങ്ങാലക്കട | 01-04-2021 | 22-06-2021 |
| ശ്രീമതി. ലേഖ പി.ആർ | ഹെഡ്മിസ്ട്രസ്സ് ജി ജി വി എച് എസ് എസ് ഇരിങ്ങാലക്കട | 23-06-2021 | 30-06-2021 |
| ശ്രീമതി. സീനത്ത് ടി.എ | ജി ജി വി എച് എസ് എസ് ഇരിങ്ങാലക്കട | 01-07-2021 | 31-03-2022 |
| ശ്രീമതി. സാബിറ എം. | ഹെഡ്മിസ്ട്രസ്സ് , എസ് പി കെ സി എം എം ജി യു പി എസ് | 01-04-2021 | 03-12-2021 |

| | | | |
|---|---|---|---|
| | , മാടായിക്കോണം | | |
| ശ്രീമതി. മിനി.കെ.വേലായുധൻ | ഹെഡ്മിസ്ട്രസ്സ് , എസ് പി കെ സി എം എം ജി യു പി എസ് , മാടായിക്കോണം | 04-12-2021 | 31-03-2022 |
| ശ്രീമതി ലത വി.പി | ഹെഡ്മിസ്ട്രസ്സ്, ഗവ.മോഡൽ ബോയ്സ്, എച്ച്.എസ്.എസ് ഇരിങ്ങാലക്കുട | 01-04-2021 | 31-05-2021 |
| ശ്രീമതി സുഷ കെ | ഹെഡ്മിസ്ട്രസ്സ്, ഗവ.മോഡൽ ബോയ്സ്, എച്ച്.എസ്.എസ് ഇരിങ്ങാലക്കുട | 01-06-2021 | 14-07-2021 |
| ശ്രീമതി രജിത എം | ഹെഡ്മിസ്ട്രസ്സ്, ഗവ.മോഡൽ ബോയ്സ്, എച്ച്.എസ്.എസ് ഇരിങ്ങാലക്കുട | 15-07-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷികകണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ | 1-10 |
| 11 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-10-1 |
| 12 | വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. | 1-10-2 |
| 13 | വാടക-സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. | 1-10-3 |
| 14 | കൈയ്യെഴുത്തായി സൂക്ഷിക്കേണ്ട വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-10-4 |
| 15 | മുൻകൂർ ആയി ലഭിച്ച തുകകൾ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-10-5 |
| 16 | പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-6 |
| 17 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-10-7 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-8 |
| 19 | ഡിപ്രിയിസേഷൻ ഷെഡ്യൂൾ വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല | 1-10-9 |
| 20 | ഇക്വറ്റി ഷെയർസർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-10-10 |
| 21 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-10-11 |
| 22 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-10-12 |
| 23 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-10-13 |
| 24 | വിവാഹധനസഹായം-വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല. | 1-10-14 |
| 25 | രസീത് പരിശോധനയി**ൽ** കണ്ടെത്തിയ അപാകതക**ൾ** | 1-11 |
| 26 | തൊഴി**ൽ** നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 27 | സ്ഥാപന തൊഴി**ൽ** നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 28 | ലേലം-തുടർനടപടികൾ സ്വീകരിച്ചില്ല | 1-14 |
| 29 | കെട്ടിട വാടക -അപാകതക**ൾ** | 1-15 |
| 30 | വ്യാപാരങ്ങ**ൾ**ക്ക് ലൈസ**ൻ**സ് അനുവദിക്ക**ൽ** - അപാകതക**ൾ** | 1-16 |
| 31 | ലൈസ**ൻ**സ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. | 1-17 |
| 32 | റോഡ് റിസ്റ്റോറേഷ**ൻ** ചാ**ർ**ജ്-സ**ർ**ക്കാ**ർ** ഉത്തരവ്/ സ**ർ**ക്കുല**ർ** നി**ർ**ദ്ദേശങ്ങ**ൾ** പാലിക്കാതെ കുറവായി ഈടാക്കി. | 1-18 |
| 33 | റവന്യൂ റിക്കവറി വിവരങ്ങൾ അറിയിക്കേണ്ടതാണ്. | 1-19 |
| 34 | നഗരസഭയുടെ ഉടമസ്ഥതയിൽ ഒഴിവുള്ള കടമുറികൾ -ലേലനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |

| | | |
|---|---|---|
| 35 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-21 |
| 36 | ജൈവവളം വിപണനം-ടാക്സ് ഇൻവോയ്സ് നല്ലാതെ വില്പന-ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആനുകൂല്യം ലഭിച്ചില്ല | 1-22 |
| 37 | അനധികൃത കെട്ടിടം നികുതി പുനർ നിർണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 38 | മൊബൈൽ ടവർ- വസ്തു നികുതി പുനർ നിർണ്ണയ വിവരം അറിയിക്കേണ്ടതാണ്. | 1-24 |
| 39 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ - രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. | 1-25 |
| 40 | കന്നുകുട്ടി പരിപാലന പദ്ധതി - ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 41 | ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ- കെൽട്രോണിന് തുക അധികം നല്കി | 1-27 |
| 42 | പാലിയേറ്റീവ് കെയർ മരുന്ന ലഭ്യമാക്കുന്നതിൽ സംഭവിച്ച അപാകത പരിഹരിക്കേണ്ടതാണ്. | 1-28 |
| 43 | പരസ്യ ചെലവിനത്തിൽ വിവിധ ദിനപത്രങ്ങൾക്ക് നൽകിയ ബില്ലുകളിൻമേൽ 15% ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. | 1-29 |
| 44 | പാലിയേറ്റീവ് കെയർ - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-30 |
| 45 | പി.എം.എ.വൈ ലൈഫ് -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 46 | ഡിപ്ലോമ വിദ്യാർത്ഥിയ്ക്ക് അർഹതയുള്ളതിലും കുറവ് സ്കോളർഷിപ് അനുവദിച്ചു | 1-32 |
| 47 | Sc പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 48 | മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കപ്പെടുന്നു. | 1-34 |
| 49 | കൗൺസിൽ തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. | 1-35 |
| 50 | കിണർ റീചാർജ്ജിംഗ്- ഇൻവോയ്സ് ഇല്ല-സർക്കാർ ഉത്തരവിന് വിരുദ്ധമായ നിർവ്വഹണ നടപടികൾ-നിർവ്വഹണ ഏജൻസിയ്ക്ക് നല്കുന്ന തുകയിൽ നിന്ന് നികുതി കുറവ് ചെയ്യുന്നതിന് പകരം ഗുണഭോക്താവിന് നല്കിയ തുകയിൽ നിന്നും നികുതി കുറവ് ചെയ്തു. | 1-36 |
| 51 | വ്യക്തിഗത കക്കൂസ് നിർമാണം -3,43,920 രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നഗരസഭ സ്വച്ഛ്ഭാരത് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടു. | 1-37 |
| 52 | വൈകി എഗ്രിമെന്റ് വെച്ചതിന് പിഴ ഈടാക്കിയിട്ടില്ല- | 1-38 |
| 53 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി ഇനത്തിൽ 2% TDS ഈടാക്കിയിട്ടില്ല. | 1-39 |
| 54 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-40 |
| 55 | പി.എച്ച്.സി.സബ്സെന്റർ മൂർക്കനാട് -പിഴ കുറവ് ഈടാക്കി | 1-41 |
| 56 | മയ്യാർ പടവ് പാറക്കുഴി സ്ലൂയിസ് കോൺക്രീറ്റ് ചാൽ നിർമ്മാണം വാർഡ്-4-പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. | 1-42 |
| 57 | പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 1-43 |
| 58 | ടാർ വാങ്ങി കരാറുകാർക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ | 1-44 |
| 59 | വിവിധ തോടുകൾ വൃത്തിയാക്കൽ - ജി.എസ്.ടി ഉൾപ്പടെയുള്ള തുക കരാറുകാരന് നൽകി. | 1-45 |
| 60 | കർഷക സമിതി റോഡ് അഴുക്കുചാൽനിർമ്മാണം വാർഡ്-36-പൊളിച്ചെടുത്ത കരിങ്കല്ലിന്റെ വിനിയോഗ വിവരം ലഭ്യമല്ല. | 1-46 |
| | ഭാഗം **2** | |
| 1 | തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 20.02.2021 തീരുമാനം1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 88,19,75,787/- | 87,53,61,000/- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.03.2022 തീരുമാനം1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 53,52,72,354/- | 56,00,65,515/- |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | സ്വീകരിച്ച തിയതി |
|---|---|---|
| 31.07.2022 | 29.7.2022 | 29.7.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 71201835.41 |
| വരവ് | 326207075.00 |
| ആകെ | 397408910.41 |
| ചെലവ് | 311744957.00 |
| നീക്കിയിരിപ്പ് | 85663953.41 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 34909667 | 34909667 | 34906898 | 2769 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | 0 | 26352071 | 26352071 | 16333581 | 10018490 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 33713500 | 33713500 | 29548271 | 4165229 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 21234986 | 21234986 | 16986700 | 4248286 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(CFC TiedGrant) (ACR പ്രകാരം) | 0 | 50908584 | 50908584 | 32931826 | 17976795 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(CFC Untied Basic Grant) (ACR പ്രകാരം) | 0 | 21607772 | 21607772 | 13431523 | 8176249 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 431 | 276665589 | 302 | 165855554 | 60% | 70% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | വേതന ഇനത്തിലെ ചെലവ് | ഭരണ ചെലവുകൾ | ആകെ ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| ഭരണ ചെലവുകൾ | 568283 | 13000000+ 53999 (പലിശ) | 13622282 | 11771206 | 699534 | 12470740 | 1151542 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1680 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 6811500 | 445 |
| വിധവാ പെൻഷൻ | 37427200 | 2549 |
| വാർദ്ധക്യകാല പെൻഷൻ | 80691500 | 5971 |
| വികലാംഗപെൻഷൻ | 9148200 | 606 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3737200 | 254 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന, 06.03.2023 ന് 3.05 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,90,501/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-10 വാർഷികകണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ

വാർഷികകണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു. ഇക്കാര്യത്തിൽ 04/06.03.2023 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ സോഫ്റ്റ്‌വെയർ കൃത്യമാകുന്ന മുറയ്ക്കും അല്ലാത്തവ വരും വർഷങ്ങളിലും പരിഹരിയ്ക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

1-10-1 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് സെസ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ്, അഡ്വാൻസ് ക്രമീകരിച്ചത്, ബാക്കി, മുൻകൂർ ലഭിച്ചത് എന്നിവ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നത് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

1-10-2 വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007,ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി

സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ഇരിഞ്ഞാലക്കുട നഗരസഭയിൽ 616പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2021-22 ലെ "110010100-Property Tax (General)എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം (V.No: 42100369/1-4-2021)രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-3 വാടക-സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100800-Rent From Building | 7618260 | 01.04.2021 | 42100374<br>42100468 |
| 2. | ഭൂമി പാട്ടം | 130400100-Rent From Lease Of Lands | 37020 | 01.04.2021 | 42100499<br>42100545 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-4 കൈയ്യെഴുത്തായി സൂക്ഷിക്കേണ്ട വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

6 പരസ്യ ഫീസ് റെജിസ്റ്റർ

7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

9 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

10 ലേല രജിസ്റ്റർ

### 1-10-5 മുൻകൂർ ആയി ലഭിച്ച തുകകൾ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax | 48 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees | 87600 |

### 1-10-6 പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ 31/3/2022 പ്രകാരമുള്ള തുക I-16 ൽ ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | 2021-22 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2022 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100401-Provision For Doubtful Receivable-Rent From Civic Amenities | 76667 | (101019) |
| 2 | 270100101-Provision For Doubtful Receivable-Property Tax (General) | 5443344 | (12542654) |
| 3 | 270100106-Provision For Doubtful Receivable-Profession Tax-Institutions/ Professionals/Traders | 111284 | (198037) |
| 4 | 270100301-Provision For Doubtful Receivable-Licence Fees | 5277 | (5277) |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-10-7 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

### 1-10-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-9 ഡിപ്രിയിസേഷൻ ഷെഡ്യൂൾ വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല

2021-22 വർഷത്തെ Income And Expenditure Abstract പ്രകാരം 39063176 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക വരുന്നതായ I-17(a) ഷെഡ്യൂൾ വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല.

### 1-10-10 ഇക്വറ്റി ഷെയർസർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 8239300രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ 3239300 രൂപ യുടെ സ്ഥിര നിക്ഷേപരസീതികൾ മാത്രമാണ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയത്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000000 രൂപയുടെ ഇക്വറ്റി ഷെയർ നിക്ഷേപം കാണുന്നു. എന്നാൽ അവയുടെ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-10-11 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 603221 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-10-12 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബാലൻസ് ഷീറ്റ് B-7ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ വിവരം രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ, ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള ഇലക്ട്രിസിറ്റി ഡേപ്പോസിറ്റ്, വാട്ടർ ഡേപ്പോസിറ്റ് എന്നിവ രേഖപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-10-13 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ കാലങ്ങളായി ഇടപാടുകൾ നടത്തുന്നില്ല. പലിശ വരവ് വെക്കുക മാത്രമാണ് ചെയ്തു വരുന്നത്. ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | Account No. | Balance Asper Pass Book | Remarks |
|---|---|---|---|---|
| 1. | 450430100-Irinjalakkuda Town Co Op Bank 101359 | 101359 | 1010 | 1010 |
| 2. | 450410600-SBI Nulm | 4158 | 4464 | NULM പദ്ധതിക്ക് വേണ്ടി നിലവിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. |
| 3. | 450610700-Vijaya Bank (Cremetorium) | 36022 | 38140 | 38140 |
| 4. | 450230200 -Karuvannur Service Co-operative Bank Ltd. | 3720 | 65368.73 | സോണൽ ഓഫീസ് തനത് ഫണ്ടിന് വേണ്ടി 31.03.2000 -ൽ അക്കൗണ്ട് ആരംഭിച്ചു. |
| 5. | 450230300 Thrissur District Co-operative Bank Loan A/C | 8556 | 2000/- | ക്ലോസ് ചെയ്ത ലോൺ അക്കൗണ്ടിന്റെ ബാലൻസ് തുക ആയതിനാലും, നിലവിൽ ട്രാൻസാക്ഷൻ ഇല്ലാത്തതിനാലും |
| 6. | Union Bank Of India | 15443 | 0 | - |
| 7. | 450410600 State Bank Of India (Nulm) | 36496901672 | 4344 | NULM പദ്ധതിക്ക് വേണ്ടി നിലവിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. |
| 8. | 450610200 StateBank Of India | 57069904379 | 384961 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് നിലവിൽ ഇടപാടുകളില്ല. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 9. | 450610300 State Bank Of India | 67100552983 | 3253 | മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് നിലവിൽ ഇടപാടുകളില്ല. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 10. | 450610400 State Bank Of India | 67100543366 | 19271 | പ്രോജക്റ്റ് ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് നിലവിൽ ഇടപാടുകളില്ല. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 11. | 450610500 State Bank Of India | 67107847722 | 15693 | IEO നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് നിലവിൽ ഇടപാടുകളില്ല. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 12. | 450610900 | 1666 | 6513591.5 | IHSDP ക്ക് വേണ്ടി 25.04.2011 -ൽ അക്കൗണ്ട് ആരംഭിച്ചു. |

| | | | | |
|---|---|---|---|---|
| | Indian Overseas Bank(IHSDP) | | | പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 13. | Indian Overseas Bank(IHSDP) | 1050 | 406972 | IHSDP ക്ക് വേണ്ടി അക്കൗണ്ട് ആരംഭിച്ചു. പ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. |
| 14 | 450620200 Indian Bank-DSWM | 7854 | 9649 | - |

1-10-14 വിവാഹധനസഹായം-വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല.

തൻവർഷം നഗരസഭ നടപ്പാക്കിയ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം എന്ന ക്ഷേമ പദ്ധതിയിൽ 360000 രൂപ ചെലവുണ്ട്. എന്നാൽ ഈ ചെലവ് വാർഷികകണക്കിൽ ഉൾപെടുത്തിയിട്ടില്ല.

1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2021-22, 2022-23 സാമ്പത്തിക വർഷത്തിലെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1) കംഫർട്ട് സ്റ്റേഷൻ കളക്ഷന് റവന്യൂ ഇൻസ്പെക്ടർ ശ്രീമതി പ്രിയ P.G ക്ക് ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്ക് നമ്പർ 210 ലെ, രസീത് നമ്പർ 20901 മുതൽ 20913 വരെ ലഭിച്ച വരവ് തുക 4760/- രൂപ കളക്ഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ ബാങ്കിൽ അടവാക്കിയതായും കാണുന്നില്ല.

| രസീത് നം. | തുക | രസീത് നം. | തുക |
|---|---|---|---|
| 20901 | 370 | 20907 | 260 |
| 20902 | 540 | 20908 | 660 |
| 20903 | 280 | 20909 | 440 |
| 20904 | 210 | 20910 | 360 |
| 20905 | 340 | 20911 | 420 |
| 20906 | 600 | 20913 | 280 |

ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.32/13.3.23) മറുപടിയായി മുകളിൽ പറഞ്ഞിട്ടുള്ള രസീതുകളുടെ തുകകൾ 2020-21 സാമ്പത്തിക വർഷം ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്ക് നം.196 ൽ രസീത് നം. 19531 മുതൽ 19542 പ്രകാരം ഒടുക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി രസീതുകൾ റദ്ദ് ചെയ്യാതെ തൻവർഷം ഇഷ്യൂ ചെയ്ത രസീത് ബുക്കിലേക്ക് പകർത്തിയെഴുതുകയും എന്നാൽ കളക്ഷൻ രജിസ്റ്ററിൽ മുൻ രസീത് പ്രകാരം വരവ് രേഖപ്പെടുത്തുകയും ചെയ്തതിനാൽ പറ്റിയ പിഴവ് ആണെന്നും അറിയിച്ചിട്ടുണ്ട്. രസീത് ബുക്ക് നമ്പർ 210 ലെ, രസീത് നമ്പർ 20901 മുതൽ 20913 വരെ റദ്ദ് ചെയ്ത്, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 2022 മാർച്ച് 10 ലെ ഡേ ബുക്ക് പ്രകാരം 6,16,460/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരവും ക്യാഷ് ബുക്ക് പ്രകാരം 6,14,060/- രൂപ മാത്രം ആണ് ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളു. ടി തുക മാത്രമാണ് ബാങ്കിൽ വരവ് വന്നിട്ടുള്ളൂ. കൂടാതെ 07.04.2022 വരെ 2400 /- രൂപയുടെ ഈ വ്യത്യാസം ക്യാഷ് ബുക്കിൽ പ്രതിഫലിക്കുന്നുണ്ട്. 08.04.2022 മുതൽ തെറ്റായ എൻട്രികൾ മൂലം കളക്ഷൻ തുകയേക്കാൾ കുറഞ്ഞ തുകയാണ് അതാത് ദിവസത്തെ നീക്കിയിരിപ്പായി കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് 20.04.2022 മുതൽ കാഷ് ബുക്കിൽ നെഗറ്റീവ് ബാലൻസ് ആണ് കാണിക്കുന്നത്. 2400/- രൂപ കാഷ് ബുക്കിൽ ക്രമീകരിച്ചതായി കാണുന്നില്ല. ആയതിനാൽ 2022 മാർച്ച് 10 ലെ വരവിൽ 2400/- രൂപ, കുറവ് റെമിറ്റ് ചെയ്തതായി ഓഡിറ്റ് നിഗമനത്തിലെത്തുന്നു. ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.32/13.3.23) മറുപടി ലഭ്യമാക്കിയില്ല.

3) താഴെപ്പറയുന്ന ദിവസങ്ങളിലെ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കളക്ഷൻ തുക (ക്യാഷ് / കാർഡ് ) പൊറത്തിശ്ശേരി സോണൽ ഓഫീസിൽ വരവ് വെക്കാതെ തുക നേരിട്ട് മെയിൻ ഓഫീസിൽ, സോണൽ ഓഫീസ് കളക്ഷൻ എന്നതിന് പകരമായി ഔട്ട്ഡോർ കളക്ഷൻ എന്ന രീതിയിൽ അടവാക്കിയതായി കാണുന്നു. ഇത്തരത്തിൽ അടവാക്കുന്ന തുക സോണൽ ഓഫീസിന്റെ വരവ് കണക്കുകളിൽ പെടാതെ പോകുന്നു. ടി തുകയിൽ വസ്തുനികുതിന്മേലുള്ള പോസ്റ്റിംഗ് ഏത് ഓഫീസിൽ നിന്നാണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്.

ഉദാഹരണം.

| തുക കളക്ട് ചെയ്ത തീയതി | തുക കളക്ട് ചെയ്ത ആളുടെ പേര് | തുക | തുക മെയിൻ ഓഫീസിൽ അടവാക്കിയ തീയതി |
|---|---|---|---|
| 27.03.2022 | ഷിമ .എൻ.എസ് | 2464 (കാർഡ്) | 27.03.2022 |
| 03.11.2022 | ജിഷ മോഹൻ | 6530 | 03.11.2022 |
| 05.02.2023 | ഷിമ .എൻ.എസ് | 22660 | 05.02.23 |
| 05.02.2023 | ജിഷ മോഹൻ | 10811 | 05.02.23 |
| 11.02.2023 | ജിഷ മോഹൻ | 14858 | 11.02.23 |
| 12.02.2023 | ജിഷ മോഹൻ | 66296 | 12.02.23 |

ഓഡിറ്റ് അന്വേഷണത്തിന്(നം.32/13.3.23) മറുപടിലഭ്യമാക്കിയില്ല.

4) ബസ്റ്റാൻഡ് ഫീ ഈടാക്കുന്നതിന് പ്രത്യേകം രസീത് ബുക്ക് പ്രിന്റ് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച ഫയൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ലാത്തതാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2022-23 ൽ ജെറാൾഡ് ജോസ് ഓഫ്സെറ്റ് പ്രിന്റേഴ്സിൽ നിന്നും ആകെ 27 രസീത് ബുക്കുകൾ വാങ്ങിയതിൽ 12 എണ്ണം ഇഷ്യൂ ചെയ്തതായി കാണുന്നു. എന്നാൽ ഓഡിറ്റ് 13.02.2023 ൽ നടത്തിയ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയിൽ രസീത് ബുക്ക് നമ്പർ 15 മുതൽ 27 വരെ 13 എണ്ണം മാത്രമാണ് ബാലൻസ് കണ്ടത്. രസീത് ബുക്ക് നമ്പർ 10 ന ശേഷം 13,14 എന്നിവ ഉപയോഗിച്ച് കാണുന്നു. 11,12 എന്നീ നമ്പറിലുള്ള രസീത് ബുക്കുകൾ സ്റ്റോക്കിൽ കണ്ടെത്താനായില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.32/13.3.23) 11,12 എന്നീ നമ്പറിലുള്ള രസീത് ബുക്കുകൾ ലഭ്യമായില്ല എന്നാണ് മറുപടി ലഭിച്ചത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 27 രസീത് ബുക്കുകൾ സ്റ്റോക്കിൽ എടുത്തതായും കാണുന്നു. പുറത്ത് അച്ചടിച്ച പുതിയ രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ, ലഭിച്ചതും ഇഷ്യൂ ചെയ്തതുമായ രസീത് ബുക്കുകളുടെയും രസീതുകളുടെയും സീരിയൽ നമ്പർ എഴുതിയിട്ടില്ല. രസീതുബുക്കുകളുടെ സ്റ്റോക്കിലെടുപ്പും വിതരണവും ആയതിന്റെ സൂക്ഷിപ്പും കൃത്യതയോടെ നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5) കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ലെ ചട്ടം 18 (2) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. റവന്യൂ ഇൻസ്പെക്ടർ ശ്രീമതി പ്രിയ P.G ക്ക് 10.04.2021 ന് ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്ക് നമ്പർ 214 ൽ രസീത് നം. 21344 മുതൽ 21400 വരെ നൽകിയ രസീതുകളിൽ ഇരുവശവും കാർബൺ കോപ്പി വെച്ച് എഴുതിയിട്ടില്ല.

6) റവന്യൂ ഇൻസ്പെക്ടർ ശ്രീമതി പ്രിയ P.G ക്ക് ഇഷ്യൂ ചെയ്തിട്ടുള്ള താഴെ പറയുന്ന രസീത് ബുക്കുകളിൽ മാനുവൽ രസീതിൽ തുക എഴുതാതെ രസീത് നൽകി.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 272 | 27128 |
| 270 | 26991 |
| 268 | 26798 |

7) കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് മാനുവൽ 2007 ലെ ഖണ്ഡിക 5.33 (G) പ്രകാരം റദ്ദാക്കിയ രസീതുകളുടെ ഒറിജിനൽ സൂക്ഷിക്കേണ്ടതാണ്. പൊറത്തിശ്ശേരി സോണൽ ഓഫീസിലെ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകളുടെ ഒറിജിനൽ രസീതുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

| ക്രമ നം. | തീയതി | രസീത് നമ്പർ |
|---|---|---|
| 1 | 28.04.22 | 122160100430 |
| 2 | 25.08.22 | 122160102081 |
| 3 | 01.02.23 | 122160104447 |

8) കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ലെ ചട്ടം 18 പ്രകാരം മുൻസിപ്പാലിറ്റിയിൽ ലഭിക്കുന്ന എല്ലാ പണവും ( ക്യാഷ് / ചെക്ക് ) തുക ലഭിച്ച ഉടനെ രസീത് നൽകേണ്ടതാണ്.
മുൻസിപ്പാലിറ്റിയിൽ ചെക്ക് സ്വീകരിച്ച തീയതിയിൽ തന്നെ രസീത് നൽകിയതായി കാണുന്നില്ല. പകരം ചെക്ക് ബാങ്കിൽ നിക്ഷേപിച്ച് ക്ലിയർ ആയതിന് ശേഷം മാത്രമാണ് രസീത് നൽകിയതായി കാണുന്നുള്ളൂ
ഉദാഹരണം

| ചെക്ക് ലഭിച്ച തീയതി | ചെക്ക് നമ്പർ | തുക | ബാങ്കിൽ വരവ് രേഖപ്പെടുത്തിയ തീയതി | രസീത് നൽകിയ തീയതി |
|---|---|---|---|---|
| 03.09.21 | 005338 | 88900 | 07.09.21 | 10.09.21 |
| ,, | 005339 | 4500 | ,, | 10.09.21 |
| ,, | 183041 | 147800 | ,, | 10.09.21 |
| ,, | 075264 | 39050 | ,, | 10.09.21 |
| ,, | 673841 | 22850 | ,, | 10.09.21 |
| ,, | 100526 | 41500 | ,, | 10.09.21 |
| ,, | 518763 | 6050 | ,, | 10.09.21 |
| ,, | 518831 | 1250 | ,, | 10.09.21 |
| 07.09.21 | 074450 | 48750 | 10.09.21 | 10.09.21 |
| ,, | 074453 | 1250 | ,, | 10.09.21 |
| ,, | 6819106 | 29228 | ,, | 10.09.21 |
| ,, | 1185648 | 34654 | ,, | 10.09.21 |
| ,, | 771921 | 22184 | ,, | 10.09.21 |
| ,, | 020990 | 5414 | ,, | |
| 09.09.21 | 544217 | 1271 | ,, | |
| 25.08.21 | 090619 | 12750 | 26.08.21 | 03.09.21 |

രസീതുകൾ കൈകാര്യം ചെയ്യുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 32/ 13.02.23)

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. (1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 245ാം വകുപ്പ് ).

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

1. ചെമ്പകശ്ശേരി തീയറ്റർ
2. ചിറമേൽ സൂപ്പർമാർക്കറ്റ്
3. സത്യജിത്ത് സ്പെഷാലിറ്റി ഡയഗ്നോസ്റ്റിക് സെൻറർ
4. എസ്.ഐ.ബി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ
5. ചെമ്പകശ്ശേരി സൂപ്പർമാർക്കറ്റ്
6. വീനസ് ഹോട്ടൽ
7. ഐഡിബിഐ ബാങ്ക്

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 538 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 40/ 13.02.23)

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

1. ഇരിങ്ങാലക്കുട സർവീസ് സഹകരണ ബാങ്ക് , ഗാന്ധിഗ്രാം
2. ഇരിങ്ങാലക്കുട സർവീസ് സഹകരണ ബാങ്ക്, ചേലൂർ ബ്രാഞ്ച്
3. ഇരിങ്ങാലക്കുട സർവീസ് സഹകരണ ബാങ്ക് , കാരക്കുളങ്ങര
4. ബിഎസ്എൻഎൽ മൂർക്കനാട്
5. ബിഎസ്എൻഎൽ ഇരിങ്ങാലക്കുട
6. ഐ.ടി.യു ബാങ്ക് കരുവന്നൂർ
7. ഇരിങ്ങാലക്കുട ടൗൺ മൾട്ടിപർപ്പസ് സൊസൈറ്റി

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 538 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 39 / 13.02.23 )

## 1-14 ലേലം-തുടർനടപടികൾ സ്വീകരിച്ചില്ല

ഫയൽ നം PW1-2474/22

കണ്ഠേശ്വരം ബൈലെയിൻ റോഡിലെ കാന നിർമാണവുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത 68.26$M^3$മണ്ണ് 24/3/22 ന് ശ്രീ. ബാലകൃഷ്ണൻ കെ. വി എന്നയാൾ 20485/- രൂപക്ക് ലേലം കൊള്ളുകയും നിരതദ്രവ്യമായി 500/- രൂപ അടവാക്കുകയും ചെയ്തിരുന്നു. എന്നാൽ ലേലം കൊണ്ട മണ്ണിന്റെ അളവ് കുറവാണെന്നും ലേലതുകയിൽ കുറവ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ പരാതി സമർപ്പിക്കുകയും തുടർന്ന് സ്ഥലപരിശോധന നടത്തി മണ്ണിന്റെ അളവ് റിപ്പോർട്ട് ചെയ്യുന്നതിന് ഓവർസീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ തുടർനടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.3/4-3-2023) കാലവർഷക്കെടുതിമൂലം കൂട്ടിയിട്ട മണ്ണ് കുറച്ചൊക്കെ ഒഴുകി പോയിട്ടുള്ളതും മണ്ണിൽ പുല്ലും മറ്റും വളർന്നിട്ടുണ്ടെന്നും അവ ആരോഗ്യവിഭാഗത്തിന്റെ സഹായത്തോടെ നീക്കം ചെയ്ത് ശേഷിക്കുന്ന മണ്ണ് പുനർമൂല്യനിർണയം നടത്തി പുനർലേലം ചെയ്യുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും പുനർലേലം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 കെട്ടിട വാടക -അപാകതകൾ

നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അംഗീകാരം ലഭ്യമായിട്ടില്ല. സർക്കാർ അംഗീകൃത ബൈലോ പ്രകാരമായിരിക്കണം വാടക സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത്. കരട് ബൈലോ കൗൺസിൽ അംഗീകരിച്ചതായും സർക്കാർ അംഗീകാരത്തിന് അയയ്ക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.10/ 8.3.23) മറുപടി ലഭ്യമാക്കി. സർക്കാർ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.വാടകക്കു നൽകുന്ന കെട്ടിടമുറികൾ സംബന്ധിച്ച് സമഗ്രവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, കെട്ടിട നമ്പർ / റൂം നമ്പർ, വിസ്തൃതി, നിലവിലെ വാടകക്കാരന്റെ പേര്, പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പേര്, എഗ്രിമെന്റ് കാലാവധി എന്നിവയടക്കമുള്ള വിശദാംശം ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3.കസ്തൂർബ വനിത ഷോപ്പിംഗ് കോംപ്ലക്സിൽ 31 മുറികളുള്ളതിൽ 19 എണ്ണം 2021-22 വർഷത്തിൽ പൂർണ്ണമായി ഒഴിഞ്ഞു കിടക്കുന്നു. മുറികൾ വാടകയ്ക്ക് നൽകുന്നത് കൂടുതൽ സൗകര്യപ്രദമാക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി കെട്ടിടം സന്ദർശിച്ച് രൂപഘടനയിൽ വരുത്തേണ്ട മാറ്റം സംബന്ധിച്ച് ശുപാർശകൾ നൽകുകയും ആയതനുസരിച്ച് 12.10. 22 ലെ 14-ാം നമ്പരായി കൗൺസിൽ തീരുമാനം ഉണ്ടായിട്ടുള്ളതായും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

4.ഠാണാ ടൂറിസ്റ്റ് ഹോം ഒന്നാം നില 877, 878, 880(1), 883 എന്നിവയും രണ്ടാം നിലയിൽ 891, 892, 893 894, 895, 896, 898 എന്നിവയും ഒഴിവായി കിടക്കുന്നു.

5. മോഡേൺ ഫിഷ് മാർക്കറ്റിലെ 36 മുറികളിൽ 9 എണ്ണത്തിൽ മാത്രമാണ് വാടകക്കാരുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നത്. മുറികൾ പുനർ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് (നം.10/ 8.3.23)മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

6. വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വാടക ഇനത്തിൽ 992671 രൂപ കുടിശ്ശികയുണ്ട്. വാടക വരവിന്റെ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് നം.(10/ 8.3.23) മറുപടി നൽകി. വാടക കുടിശ്ശികയായ 992671 രൂപയിൽ 484319 രൂപ 2022-23 വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളതായും ശേഷിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായും മറുപടിയിൽ പറയുന്നു. കുടിശ്ശിക 508352 രൂപയുടെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.

## 1-16 വ്യാപാരങ്ങൾക്ക് ലൈസൻസ് അനുവദിക്കൽ - അപാകതകൾ

1. 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതും പുതുക്കി നൽകുന്നതുമായ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ, ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമൂലം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലൈസൻസ് ഫീസുമായി ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല. നിർദ്ദേശാനുസരണം വാർഷിക സംക്ഷിപ്തം തയ്യാറാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.10/8.3.23) മറുപടി നൽകി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. <u>നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ വ്യാപാരികൾ ലൈസൻസ് എടുത്തതിന്റെ രേഖ ലഭ്യമായില്ല</u>.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447,448,449 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പൂതംകുളം ഷോപ്പിംഗ് കോംപ്ലക്സ് (വാർഡ് 16) 19 മുറികൾ ഉപയോഗപ്പെടുത്തുന്നവരിൽ 12 കടകൾ/ സ്ഥാപനങ്ങൾ ലൈസൻസ് (2021-22) എടുത്തതായി പ്രസ്തുത വാർഡിന്റെ ലൈസൻസ് രജിസ്റ്ററിൽ രേഖയില്ല. 944, 946, 947, 948, 949, 952, 955, 956, 958, 961,962 (1), 150.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.ഠാണാ ടൂറിസ്റ്റ് ഹോം കെട്ടിടത്തിൽ 860, 861, 863, 867, 873, 874,875, 877, 881, 867 (1), 883, 889, 890 886, 886(1), 793, 794 തുടങ്ങിയ നമ്പരുകളുടെ ഉടമസ്ഥർ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ (2021-22) രേഖ ലഭ്യമാക്കേണ്ടതാണ്.

4.മോഡേൺ ഫിഷ് മാർക്കറ്റിലെ 9 മുറികളിൽ 691/ 4 , 691/ 18 മുറി ഉടമസ്ഥർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

5.22.7.2017 ലെ 2511/2017 തസ്വഭവ ഉത്തരവിൽ നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ട്. പ്രസ്തുത മാതൃകയിൽ ലിസ്റ്റ് തയ്യാറാക്കിയതിന്റെ വിവരത്തിന് എൻക്വയറി (നം.10/8.3.23) നൽകിയതിന് 2021-22 വർഷത്തിൽ ലൈസൻസുകൾ IKM സഞ്ചയ സോഫ്റ്റ് വെയർ മുഖാന്തിരമാണ് ചെയ്തു വരുന്നതെന്നും വാർഡ് തിരിച്ച് ലൈസൻസ് ലിസ്റ്റ് തയ്യാറാക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളത് റിപ്പോർട്ട് ചെയ്തിട്ടും IKM പരിഹരിച്ചിട്ടില്ലാത്തതായും മറുപടി നൽകി.

ലൈസൻസ് സംബന്ധിച്ച മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 ലൈസൻസ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 448, 449 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് എസ്.ആർ.ഒ നമ്പർ 857/2020 തിയതി 30.10.2020 വിജ്ഞാപനം പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഭേദഗതി ചട്ടങ്ങൾ പ്രകാരം, പട്ടിക 2 ക്രമ നം.152 സ്പിരിറ്റ്, കള്ള്, വിദേശ മദ്യം ഉണ്ടാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക, ക്രമ നം. 238 റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് ആവശ്യമാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ വിവരിച്ച സ്ഥാപനങ്ങൾ-റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, കള്ളുഷാപ്പുകൾ, ബിവറേജ് ഔട്ട് ലെറ്റുകൾ, കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങിയവയുടെ എണ്ണവും, ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് (നം. 22/ 10.3.23) നഗരസഭാ പരിധിയിലെ വിവിധ വാർഡുകളിലെ 7 റേഷൻ ഷോപ്പുകളും 3 വീതം കള്ളുഷാപ്പുകളും മാവേലി സ്റ്റോറുകളും ലൈസൻസ് എടുത്തതിന്റെ വിശദാംശം, മറുപടിയോടൊപ്പം ലഭ്യമാക്കി. 41 വാർഡുകളുള്ള നഗരസഭയിൽ മേൽ സ്ഥാപനങ്ങളുടെ കൃത്യമായ എണ്ണം വാർഡു തിരിച്ച് ശേഖരിച്ച് ലൈസൻസ് എടുപ്പിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 റോഡ് റിസ്റ്റോറേഷൻ ചാർജ്-സർക്കാർ ഉത്തരവ്/ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കാതെ കുറവായി ഈടാക്കി.

1.ഫയൽ നം. PW2 (PW4)950/ 2021

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിനു വേണ്ടി State Lead Row യുടെ JDFL/ OFC/ ROW/ TSSR/ IJKDA/ MC/ FTTX

2281/dt.14.1.21 നം. അപേക്ഷ പ്രകാരം നഗരസഭയിലെ വിവിധ റോഡുകളിൽ 475 എണ്ണം ജി.ഐ പോളുകൾ സ്ഥാപിച്ച് 13.855 കി.മീ നീളത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് റോഡ് റിസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 1405721 രൂപ കണക്കാക്കിയിട്ടുണ്ട് (നഗരസഭ രണ്ടാം ഗ്രേഡ് ഓവർസിയറുടെ 17.4.21 ലെ റിപ്പോർട്ട്).

ചീഫ് എഞ്ചിനീയർ റോഡ്സിന്റെ 30.3.2019 ലെ No. CE/R&B/GL-RC/2/2019 നം. സർക്കുലർ, 23.1.2020 ലെ G.O (Rt) No.89/2020 PWD സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി റോഡ് റിസ്റ്റോറേഷൻ ഫീ ഡിമാന്റ് ചെയ്ത് അനുവാദം നൽകണമെന്നാണ് കമ്പനി ആവശ്യപ്പെട്ടത്. ആയതു പ്രകാരം നഗരസഭാ ഓവർസിയർ നടത്തിയ കാൽക്കുലേഷനിൽ കട്ടിംഗ് ഏരിയ 1 M X 1 M ആണ് എടുത്തത്. ആകെ 475 പോൾ സിന് 1405721 രൂപ കണക്കാക്കി. തുടർന്ന് അസി.എഞ്ചിനീയർ ആയത് തിരുത്തി ആകെ ഏരിയയോട് 1.5 M ഇരട്ടി കൂടി കണക്കാക്കി 1508580 രൂപയായി ഫീ പുനഃനിർണ്ണയിച്ചു. നഗരസഭാ കൗൺസിലിന്റെ 28.7.21 ലെ 3-ാം നമ്പർ തീരുമാനപ്രകാരം 1508580 രൂപ ഫീ ഈടാക്കുന്നതിനും Go(Rt) No.89/2020 PWD 23.10.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തറവാടക 360 രൂപ നിരക്കിൽ 475 പോളുകൾക്ക് 171360 രൂപയും ആയതിന്റെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായും ഈടാക്കണമെന്ന് തീരുമാനിച്ചു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികളുമായി മുന്നോട്ടു പോകുന്ന അവസരത്തിൽ പോൾ പിറ്റ് സർഫസ് ഏരിയയിൽ മാറ്റം വരുത്തി ഡിമാന്റ് നോട്ടീസ് അനുവദിക്കണമെന്ന് 16.9.21 ൽ കമ്പനി അപേക്ഷ വെച്ചു. 0.60 M X 0.60 M അളവിലാണ് കമ്പനി കുഴികൾ തയ്യാറാക്കുന്നതെന്നും ആയതു പ്രകാരം റിസ്റ്റോറേഷൻ ചാർജ് പുതുക്കി നിശ്ചയിക്കാനുമാണ് അപേക്ഷ വെച്ചത്. തുടർന്ന് മുനിസിപ്പൽ എഞ്ചിനീയറുടെ 18.10.2021 ലെ നിർദ്ദേശപ്രകാരം Pole Pit Surface Area 0.60 X 0.60 കണക്കാക്കി 623815 രൂപ റിസ്റ്റോറേഷൻ ചാർജായി നിശ്ചയിച്ചു. മേൽ പ്രകാരം കുറവു വരുത്തിയ തുക 29.10.2021 ലെ 26-ാം നമ്പർ തീരുമാനം പ്രകാരം കൗൺസിൽ അംഗീകരിച്ചു.

18.11.2021 ലെ PW 2 /950/ 2021 നം. ഡിമാന്റ് നോട്ടീസ് പ്രകാരം 812311 രൂപ 22.12.2021 ൽ കമ്പനി അടവാക്കിയിട്ടുണ്ട്.

മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിച്ച് 2/ 21 -22 Dt. 31.12.2021 പ്രകാരം എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുള്ളതാണ്.

മേൽ വിവരങ്ങൾ ഉൾപ്പെടുത്തി 28.2.22 തിയതിയിൽ PW2( PW 4) 950 /2021 നമ്പരിൽ സെക്രട്ടറിയുടെ പ്രൊസീഡിംഗ് സ് പുറപ്പെടുവിച്ചിട്ടുണ്ട്.

30.3.2019 ലെ No. CE/R&B/GL-RC/2/2019 സർക്കുലറിൽ “In The Case Of BT Surface The Minimum Restoration Width Taken For Proper Compaction Shall Be 1 Meter” എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

GI Pole കുഴിയുടെ പ്രതലവിസ്തീർണ്ണം 1 മീറ്റർ എടുക്കുന്നതിനു പകരം ജിയോ കമ്പനിയുടെ ആവശ്യാർത്ഥം 0.60 M ആണ് എടുത്തത് ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത അളവിൽ തന്നെയാണ് കുഴികൾ തയ്യാറാക്കിയതെന്ന് ഉറപ്പു വരുത്തേണ്ട ചുമതല മുനിസിപ്പൽ എഞ്ചിനീയർ /അസി.എഞ്ചിനീയർക്കുണ്ട്.

475 പോളുകളുടെ 13.855 കി.മീ ദൂരം റോഡുകളുടെ കമ്പനി തയ്യാറാക്കിയ Site Map ൽ പബ്ലിക് വർക്സ് ഓവർസിയർ നടത്തിയ “വെരിഫൈഡ് വിത്ത് സൈറ്റ്” രേഖപ്പെടുത്തൽ ശരിവെയ്ക്കുകയാണ് എ. ഇ/ എം. ഇ ചെയ്തിരിക്കുന്നത്.

യഥാർത്ഥത്തിൽ കുഴി എടുക്കുന്ന സമയത്ത് തത്സമയം തയ്യാറാക്കിയ സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

24.9.2020 ലെ ചീഫ് എഞ്ചിനീയറുടെ CE/R&B/GL-RC/3/ 2018 നം. സർക്കുലറിൽ “ For Open Trenching And In The Case Of Open Pits For HDD Cutting The Restoration Width Should Be Calculated As 1.5 Times The Actual Trench Width Subject To A Minimum Of 1 Metre For Bituminous Surfaces” എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 6 മീറ്റർ മിനിമം ഉയരമുള്ള GI Pole ഉറപ്പോടെ സുരക്ഷിതമായി സ്ഥാപിക്കണമെങ്കിൽ മിനിമം 1 മീറ്റർ നീളം വീതി ആഴത്തിൽ കുഴിയെടുക്കേണ്ടി വരുന്നതാണ്.

തത്സമയ വെരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത GI പോളുകളുടെ നിലവിലെ അവസ്ഥ ഓവർസിയർ പരിശോധിച്ച് റിപ്പോർട്ടു സഹിതം ഓഡിറ്റിന് വിശദീകരണം നൽകേണ്ടതാണ്. ജിയോ കമ്പനി 60 Cm X 60 Cm നീളത്തിലും വീതിയിലും സമീപ, പ്രതലങ്ങളിൽ ആഘാതമുണ്ടാക്കാത്ത രീതിയിൽ മണ്ണ് മാറ്റുന്നതിന് സംവിധാനം ഉള്ളതാണ് എന്നറിയിച്ചതിനാലും മറ്റു സാങ്കേതിക വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലുമാണ് ജിയോകമ്പനിയുടെ അപേക്ഷ കണക്കിലെടുത്ത് റിസ്റ്റോറേഷൻ വിഡ്ത്ത് കുറവായി കണക്കാക്കിയതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

(ഓഡിറ്റ് എൻക്വയറി നം. 25/29.10.11)

2.ഫയൽ PW2(PW4)951/2021 പ്രകാരം 14.755 കി.മീ നീളത്തിൽ 489 പോളുകൾ സ്ഥാപിക്കാനുള്ള അനുവാദവും നൽകിയിട്ടുണ്ട്. 18.11.2021 ലെ ഡിമാന്റ് നോട്ടീസ് PW/2951/2021 പ്രകാരം 898265 രൂപ 20.12.2021 ൽ അടവാക്കി എഗ്രിമെന്റ് 1/21 -22 31.12. 2021. കൗൺസിൽ തീരുമാനം 25/ 29.10.21

4.PW2(Pw4) 14541/ 20 പ്രകരം വാർഡ് 24 ലെ പുറ്റിങ്ങൽ റോഡിൽ 390 മീറ്ററിൽ 11 പോളുകളും സ്ഥാപിച്ചു.

ക്രമ.നം 1 പ്രകാരം റിസ്റ്റോറേഷൻ ചാർജിൽ 1508580 - 623815 = 884765 രൂപയുടെ കുറവ് വന്നിട്ടുണ്ട്. മറ്റു ഫയലുകൾ പ്രകാരമുള്ള തുക കൂടി കണക്കിലെടുക്കുമ്പോൾ നഗരസഭയ്ക്ക് ലഭിക്കുമായിരുന്ന തനതു വരുമാനം ഗണ്യമായി കുറയാനിടയായ സാഹചര്യത്തിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ഓഡിറ്റ് എൻക്വയറി (നം.11/8.3.23)

## 1-19 റവന്യൂ റിക്കവറി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

നഗരസഭ കസ്തൂർബ വനിതാ ഷോപ്പിങ്ങ് കോംപ്ലക്സ് , ഒന്നാം നിലയിലെ XXII/692(8) നമ്പർ കടമുറി ശ്രീമതി. സുമീര ലിന്റേഷ്, കോക്കാടൻ ഹൗസ് എന്നവർക്ക് ഓഫർ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ അംഗീകാരത്തോടെ പ്രതിമാസ വാടക 3000 രൂപയായി നിശ്ചയിച്ച് 8/2021 മുതൽ അനുവദിച്ചിട്ടുള്ളതും സെക്യൂരിറ്റി ഡെപ്പോസിറ്റായി 9000 രൂപ അടവാക്കിയിട്ടുള്ളതുമാണ്. എന്നാൽ ടിയാരി നഗരസഭയുമായി കരാറിലേർപ്പെടുകയോ വാടക/ലൈസൻസ് ഫീസ് ഒടുക്കുകയോ ചെയ്യാതിരുന്നതിനാൽ 26-4-2022 ലെ R4-06/2021 നമ്പർ നോട്ടീസ് പ്രകാരം മുറിയുടെ കുത്തക റദ്ദ് ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർവിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്

അന്വേഷണത്തിനുള്ള മറുപടിയിൽ 4/22 ന് മുറി സീൽ ചെയ്തിട്ടുള്ളതും ഡെപ്പോസിറ്റ് തുക വാടകയിലേക്ക് വരവുവെച്ച് ശേഷിക്കുന്ന 5 മാസത്തെ വാടക കുടിശ്ശിക തുകയ്ക്കുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നതുമായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.5/ 6-3-2023). തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 നഗരസഭയുടെ ഉടമസ്ഥതയിൽ ഒഴിവുള്ള കടമുറികൾ -ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്

വാടക ഡി.സി.ബി രജിസ്റ്റർ, ലേലം ഫയൽ എന്നിവ പരിശോധിച്ചതിൽ മോഡേൺ ഫിഷ് മാർക്കറ്റിലെ XIX/691(1) മുതൽ XIX/691(28) വരെയുള്ള സ്റ്റാളുകളും കസ്തൂർബ വനിതാഷോപ്പിങ്ങ് കോംപ്ലക്സിലെ XXII/692M, XXII/692R, XXII/692S XXII/692W, XXII/692Y, XXII/692Z, XXII/692(7) മുതൽ XXII/692(10) വരെയുള്ള റൂമുകളും ഓഡിറ്റ് വർഷത്തിൽ ഒഴിവ് ആയി രേഖപ്പെടുത്തിയിരുന്നു. കസ്തൂർബ വനിതാഷോപ്പിങ്ങ് കോംപ്ലക്സിലെ മുറികൾ തുടർച്ചയായി എല്ലാവർഷവും ലേലം, പുനർലേലം എന്നിവ നടത്തിയിട്ടും ലേലത്തിൽ പോകാതിരിക്കുന്ന വിഷയം കൌൺസിലിൽ സമർപ്പിക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ഇളവ് വരുത്തി ലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം ഡെപ്പോസിറ്റ് പുനർനിശ്ചയിച്ച് വീണ്ടും ലേലം ചെയ്യെങ്കിലും റൂമുകൾ ലേലത്തിൽ പോയിട്ടില്ലാത്തതുമാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.7/ 6-3-2023). ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ഏതാനും ശുപാർശകൾ മുന്നോട്ട് വെക്കുകയും 12/10/22 ലെ 14ാം നമ്പറായി കൌൺസിൽ ശുപാർശകളിൽ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണെന്നും മോഡേൺ ഫിഷ് മാർക്കറ്റിലെ XIX/691(15), (16),(20),(21) എന്നീ സ്റ്റാളുകൾ ഒഴികെയുള്ളവ നിലവിലും ലേലത്തിൽ പോയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനും ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

1.ഇരിങ്ങാലക്കുട നഗരസഭ സോണൽ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | കുടിശ്ശികയുള്ള വർഷം | കുടിശ്ശിക |
|---|---|---|---|
| 1 | 1/364/A(UA) | 2018-19മുതൽ | 67320 |
| 2 | 2/366/G1(UA) | 2018-19മുതൽ | 71660 |
| 3. | 5/155/C1(UA) | 2021-22മുതൽ | 34156 |
| 4. | 7/478/A1(UA) | 2017-18മുതൽ | 564105 |
| 5. | 7/480/(UA) | 2017-18മുതൽ | 458896 |
| 6. | 34/72/1(UA) | 2022-23 | 141588 |
| 7 | 37/155A | 2022-23 | 9068 |

2.ഇരിങ്ങാലക്കുട നഗരസഭാകാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കുടിശ്ശികയുള്ള വർഷം | കുടിശ്ശിക |
|---|---|---|---|
| 1 | 12/794/A(UA) | 2019-20 മുതൽ | 205665 |
| 2 | 17/13A | 2022-23 | 5032 |
| 3 | 19/178/D1(UA) | 2022-23 | 51750 |
| 4 | 20/66M(1)/UA) | 2021-22മുതൽ | 72970 |
| 5 | 23/520/2 | 2021-22മുതൽ | 22716 |
| 6 | 24/59 | 2022-23(2nd Half) | 421 |
| 7 | 26/99A | 2012-13 മുതൽ | 181169 |
| 8 | 27/231)/3(UA) | 2017-18 മുതൽ | 292644 |

മേൽ സൂചിപ്പിച്ച ടേബിൾ പ്രകാരം സോണൽ കാര്യാലയത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 2017-18 വർഷം മുതലും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി കാര്യാലയത്തിൽ 2012-13വർഷം മുതലും കുടിശ്ശിക നിലവിലുണ്ട്. വസ്തുനികുതി കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.12/ 8-3-2023).

## 1-22 ജൈവവളം വിപണനം-ടാക്സ് ഇൻവോയ്സ് നല്കാതെ വില്പന-ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആനുകൂല്യം ലഭിച്ചില്ല

ഫയൽ നം. PH3/3360/21

വിൻഡ്രോകമ്പോസ്റ്റ് പ്ലാന്റിൽ ഉല്പാദിപ്പിച്ച ജൈവവളം വിപണനംവഴി നഗരസഭയ്ക്ക് 119370 രൂപ വരവുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയ്ക്ക് ജി എസ് ടി നിയമം 2017 വകുപ്പ് 22 (1) പ്രകാരം രജിസ്ട്രേഷൻ ഉണ്ട്. (നമ്പർ GSTIN32AAALS1504R1ZW). ഇപ്രകാരം രജിസ്ട്രേഷൻ ഉള്ള സ്ഥാപനം എന്ന നിലയിൽ നഗരസഭ, ജി എസ് ടി നിയമം 2017 വകുപ്പ് 31 അനുസരിച്ചും ജിഎസ് ടി ചട്ടം 46 ൽ പരാമർശിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചും വളം വാങ്ങുന്നയാൾക്ക് ടാക്സ് ഇൻവോയ്സ് നല്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ

ജിഎസ് ടി നമ്പർ രേഖപ്പെടുത്തിയിട്ടുള്ള രസീതിയുടെ അടിസ്ഥാനത്തിലാണ് നിലവിൽ വളം വില്പന നടത്തിവരുന്നത്. രസീതിയിൽ ജി.എസ്.ടി നമ്പർ രേഖപ്പെടുത്തി ജിഎസ് ടി ഈടാക്കുന്നുണ്ടെങ്കിലും ചട്ടം 46 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ, ഉദാഹരണത്തിന് വില്പന നടത്തുന്ന സാധനത്തിന്റെ വിവരം, HSN Code, അളവ്, നിരക്ക്, തുക എന്നിവ രേഖപ്പെടുത്തുന്നില്ല. ഇപ്രകാരം ടാക്സ് ഇൻവോയ്സ് നല്കാതെയാണ് നഗരസഭ വളം വില്പന നടത്തുന്നത്.

2) വളം പാക്ക് ചെയ്ത് വില്ക്കുന്നതിന് ആവശ്യമായ വിവിധതരം ചാക്കുകൾ ക്വാളിറ്റി പോളിമേഴ്സിൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. അതിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം നഗരസഭയിൽ നിന്ന് ജി.എസ്.ടി (ഔട്ട്പുട്ട് ടാക്സ്) 6037രൂപ ഈടാക്കിയിട്ടുണ്ട്. (ഇൻവോയ്സ് നം.199, തീയതി :15/9/2021, തുക: 39577രൂപ). ഔട്ട്പുട്ട് ടാക്സായി നഗരസഭയിൽ നിന്ന് ഈടാക്കിയ 6037 രൂപ നഗരസഭയുടെ ഇൻപുട്ട് ടാക്സ് ആയി പരിഗണിക്കാവുന്നതും നഗരസഭ വളം വില്പന നടത്തുമ്പോൾ വാങ്ങുന്നയാളിൽ നിന്നും ഈടാക്കുന്ന ജി.എസ്.ടി യിൽ (ഔട്ട് പുട്ട് ടാക്സ്) നിന്നും കുറവ് ചെയ്ത് ബാക്കി തുക ജിഎസ് ടി ഇനത്തിൽ അടവാക്കി പ്രതിമാസ റിട്ടേൺ സമർപ്പിച്ചാൽ മതിയാകുന്നതാണ്. എന്നാൽ വളം വില്പന നടത്തിയപ്പോൾ ഈടാക്കിയ ജി.എസ്.ടി 5969 രൂപ മുഴുവനായും നഗരസഭ ജി.എസ്.ടി ഇനത്തിൽ അടവാക്കിയിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.6/6-3-2023).

ജി.എസ്.ടി ആക്ട് 2017 സെക്ഷൻ 31, റൂൾ 46 എന്നിവ പ്രകാരം ടാക്സ് ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ വില്പന നടത്താത്തതിനാലാണ് ഇപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം അവകാശപ്പെടാനാകാഞ്ഞത്. നിയമപ്രകാരമുള്ള ടാക്സ് ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ വില്പന നടത്തേണ്ടതും തുക ലഭിക്കുമ്പോൾ രസീത് നല്കേണ്ടതുമാണ്.

## 1-23 അനധികൃത കെട്ടിടം നികുതി പുനർ നിർണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഫയൽ PR1-2379/15

പൊറത്തിശ്ശേരി മേഖലാ കാര്യാലയത്തിന്റെ പരിധിയിലുള്ള ശ്രീ. ഇ.വി. തോംസ്ലി, ജെസ്സി തോംസ്ലി, വർഗീസ് തോംസ്ലി, കെ.ടി. ജോയ്, ജോണി, ശ്രീദേവി ശശിധരൻ എന്നവരുടെ കൂട്ടായ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 7/66, 7/66 A, 7/67, 7/67A, 7/67B, 7/67D (ഗ്രൗണ്ട് ഫ്ലോർ) എന്നീ നമ്പരുകൾ ഉള്ളതായും ഫസ്റ്റ്, സെക്കന്റ്, തേഡ് ഫ്ലോറുകൾ എന്നിവയ്ക്ക് നമ്പരുകൾ ഇല്ലാത്തതായും 27.10.2015 ൽ റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ യു.എ. നമ്പർ നല്കി നികുതി നിർണയം നടത്തുന്നതിന് ശുപാർശ ചെയ്തിരുന്നു.

31.12.2015 ൽ നഗരസഭാ റവന്യൂ ഇൻസ്പെക്ടർ അളവെടുക്കുകയും ഫസ്റ്റ്, സെക്കന്റ്, തേഡ് ഫ്ലോറുകൾക്ക് എന്നീ നിലകൾക്ക് ആകെ 405 ച.മീ. കെട്ടിട ഭാഗത്തിന് (405 X 90 + 20%) 43740/- രൂപയും അനധികൃതമായതിനാൽ 3 ഇരട്ടി 131220/- രൂപയും വസ്തു നികുതി കണക്കാക്കിയിരുന്നു. 2015-16 I -ാം അർദ്ധ വർഷം മുതൽ നികുതി നിശ്ചയിച്ചതിനെതിരെ കെ.ടി. ജോയ് ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിനെ സമീപിച്ചിട്ടുണ്ട്. ബഹു.ട്രിബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കുന്നതിനു വേണ്ടി നഗരസഭാ എഞ്ചിനീയർ കെട്ടിടം പരിശോധിച്ചപ്പോൾ താഴെ ചേർക്കുന്ന അളവുകളാണ് കണ്ടെത്തിയതെന്ന് ഫയൽ പ്രകാരം കാണുന്നു.

കെട്ടിട നം. 37/363 D(UA) Old No.- 7/66 A1(UA)

| | | |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | - | 143.84 |
| ഫസ്റ്റ് ഫ്ലോർ | - | 179.08 |
| സെക്കന്റ് ഫ്ലോർ | - | 179.08 |
| തേഡ് ഫ്ലോർ | - | 179.08 |
| സ്റ്റെയർ റൂം | - | 39.05 |
| ആകെ | - | 720.13 ച.മീ. |

നഗരസഭാ സെക്രട്ടറിയുടെ 18.09.21 ലെ PR1- 2379/15 നം. ഉത്തരവ് നടപടി (ശ്രീ. കെ.ടി. ജോയ് കുനമ്മാവ് ഫയൽ ചെയ്ത RP-60/20 നമ്പർ കേസിന്റെ 26.03.21 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചത്) പ്രകാരം കെട്ടിട നികുതി റീ- അസസ് ചെയ്ത് കണക്കാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | - 153.61 X 90 +20 % | 16590 |
| ഫസ്റ്റ് ഫ്ലോർ | - 188.84 X 90 + 20% - 5% | 19375 |
| സെക്കന്റ് ഫ്ലോർ | - 188.84 X 90 + 20% - 10% | 18355 |
| തേഡ് ഫ്ലോർ | - 188.84 X 90 + 20% - 15% | 17336 |
| ആകെ | - 720.13 | 71656 |

അനധികൃത നിർമ്മാണമായതിനാൽ 3 ഇരട്ടി വസ്തു നികുതി - 71656 X 3 = 214968/- രൂപ

ആയതിന് 2016-17 I-ാം അർദ്ധ വർഷം മുതൽ 2020-21 II അർദ്ധ വർഷം വരെ 12,36,066/- രൂപ ഡിമാന്റ് കണക്കാക്കിയിട്ടുണ്ട്.

എന്നാൽ നികുതി പുനർ നിർണയിച്ചതിന്റെ വിവരങ്ങൾ യു.എ. രജിസ്റ്ററിലോ സഞ്ചയ സോഫ്റ്റ്വെയറിലോ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിലും രജിസ്റ്റർ പ്രകാരം 405 ച.മീ. എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ യു.എ. അസസ്മെന്റ് രജിസ്റ്ററിൽ പ്രാബല്യ തീയതി രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 23/10.03.2023)

ടി നികുതി നിർണയ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ WP(C) 29445/21 നമ്പർ കേസ് നിലവിലുള്ളതിനാലാണ് യു.എ. രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ്വെയറിലും മാറ്റങ്ങൾ രേഖപ്പെടുത്താതിരുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി നല്കിയത്.

നികുതി പുനർ നിർണയിച്ചതിന്റെ വിവരങ്ങൾ പ്രാബല്യ തീയതി സഹിതം യു.എ. രജിസ്റ്ററിൽ ചേർക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

1-24 മൊബൈൽ ടവർ- വസ്തു നികുതി പുനർ നിർണ്ണയ വിവരം അറിയിക്കേണ്ടതാണ്.

ഫയൽ നം. PR1-1981/21 / BA 403/20-21

പൊറത്തിശ്ശേരി മേഖലാ കാര്യാലയത്തിലെ IX/351-A1(UA) നമ്പർ മൊബൈൽ ടവർ ക്രമവത്കരിച്ച് ( ഇൻഡസ് ടവേഴ്സ് - പുതിയ കെട്ടിട നം. 8/269) 2021-22 I അർദ്ധ വർഷം മുതൽ നികുതി ചുമത്തിയിട്ടുണ്ട്.

ഒക്യൂപൻസി സർട്ടിഫിക്കറ്റ് തീയതി 11.06.2021 പ്രകാരം

ബിൽറ്റ് അപ്പ് വിസ്തീർണം - 20.85 ച.മീ.

കംപ്ലീഷൻ തീയതി - 31.03.2019

കംപ്ലീഷൻ പ്ലാൻ പ്രകാരം ബിൽറ്റ് അപ്പ് വിസ്തീർണം

ഷെൽറ്റർ റൂം- 4.50 X 3.30 = 14.85 M2

ജനറേറ്റർ റൂം - 3.00 X 2.50 = 6.00 M2

ആകെ - 20.85 M2 തറവിസ്തീർണത്തിനാണ് നികുതി ചുമത്തിയിട്ടുള്ളത്.

വസ്തു നികുതി വിവരങ്ങൾ

20.85 X 500= 10425 + L.C. + S.C.

26.2.2022 ലെ നം. ആർ.ഡി.3/94/2020 /ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്ന രീതിയിലാണ് മൊബൈൽ ടവറുകളുടെ തറവിസ്തീർണം കണക്കാക്കേണ്ടതെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച ടവറിന്റെ തറവിസ്തീർണം കണക്കാക്കിയതിൽ, മൊബൈൽ ടവറിന്റെ തറവിസ്തീർണം പരിഗണിക്കാതെ ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം മാത്രമാണ് വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുത്തിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി നം. 20/ 09.03.2023)

ടി വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് സ്ഥലപരിശോധന നടത്തി ടവറിന്റെ നികുതി പുനർ നിർണയിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയത്. തുടർ നടപടി അറിയിക്കേണ്ടതാണ്.

1-25 അനധികൃത കെട്ടിട നിർമ്മാണങ്ങൾ - രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

BA-26/21-22, BA-349/17-18

അനധികൃത കെട്ടിട നിർമാണം ക്രമവത്കരിക്കുന്നതിനു വേണ്ടി ശ്രീമതി സിൽവി മാത്യു, മാത്യു പാറമേൽ എന്നവർ 05.04.2021 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേരള മുനിസിപ്പൽ ബിൽഡിംഗ് (അനധികൃത കെട്ടിട നിർമ്മാണ ക്രമവത്കരണം) ചട്ടങ്ങൾ 2018 പ്രകാരം, മാടായിക്കോണം വില്ലേജിലെ 767/1-1, 767/1-9 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 76.82 ച.മീ. തറവിസ്തീർണമുള്ള വാസഗൃഹത്തിന്റെ കെട്ടിടഭാഗം (ആകെ തറവിസ്തീർണം - 264.58 ച.മീ.) ക്രമവത്കരിക്കുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-ചട്ടം 26 (Side Yard Min 1m) പാലിക്കാത്തതിനാൽ സർക്കാരിൽ നിന്നും ക്രമവത്കരണം നടത്തി ലഭിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. രണ്ടാം നിലയിലെ അനധികൃത നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് 25.11.2017 ൽ നോട്ടീസ് നൽകിയിട്ടുണ്ട്. ടി പ്ലോട്ടിൽ കെട്ടിട നിർമാണാനുമതി നല്കിക്കൊണ്ട് 21.08.2017 ൽ നൽകിയ പെർമിറ്റ് 26.07.2018 ൽ റദ്ദു ചെയ്തതായി നോട്ടീസ് നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 89 പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്. നഗരസഭയിൽ ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സർക്കുലർ നം. 29342/ ആർ.എ. 1/ 2014/ ത.സ്വ.ഭ.വ തീയതി 19.05.2014 പ്രകാരം

I) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്.

Ii) അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

Iii) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റെയും അവസാന ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

Iv) പ്രസ്തുത രജിസ്റ്റർ സർക്കുലർ പ്രകാരമുള്ള അനുബന്ധം I ൽ ചേർത്തിട്ടുള്ള പ്രകാരം സൂക്ഷിക്കേണ്ടതാണ്.

എന്നാൽ നഗരസഭയിൽ അനധികൃത നിർമ്മാണം നടത്തിയ വ്യക്തികൾക്ക് നോട്ടീസ്/താല്ക്കാലിക ഉത്തരവ്/സ്ഥിരം ഉത്തരവ് നൽകുന്നതു സംബന്ധിച്ച് രജിസ്ററർ സൂക്ഷിക്കുകയോ രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്യുന്നില്ല. ശ്രീമതി സിൽവി മാത്യു, മാത്യു എന്നവരുടെ അനധികൃത നിർമാണം സംബന്ധിച്ച് ഫയലിലെ രേഖപ്പെടുത്തൽ മാത്രമാണുള്ളത്.

ഓഡിറ്റ് എൻക്വയറി നൽകിയതിന് 20.11.20 ലെ WP(C) 9214/ 2020(B) കേസിൽ കെട്ടിടം പൊളിച്ചുകളയാനുള്ള ഉത്തരവ് പ്രകാരം

നോട്ടീസ് നല്കിയതിനെതിരെ കക്ഷികൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. നിലവിൽ ടി കേസ് വിജിലൻസിന്റെ പരിഗണനയിലാണ്. നിലവിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്നുണ്ടെന്നും രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

അനധികൃത നിർമ്മാണം സംബന്ധിച്ച് ചട്ട/ ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും തുടർനടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 31/10.03.2023)

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി - ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - 145/22 |
| | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | - 25,00,000/ - |
| ചെലവ് | - 12,50,000/ -വികസന ഫണ്ട്- പൊതുവിഭാഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ, വെറ്റിനറി പോളിക്ലിനിക്ക് |
| ബിൽ നം. | 12/ 26.11.21 - 975000/-<br>19/ 11.01.22 – 275000/- |

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി എസ്. എൽ.ബി. പി. ഡെപ്യൂട്ടി ഡയറക്ടർക്ക് 12,50,000/ രൂപ കൈമാറിയിട്ടുണ്ട്. 100 ഗുണഭോക്താക്കളുടെ ലിസ്റ്റ് കൈമാറുകയും ചെയ്തിട്ടുണ്ട. പദ്ധതി പൂർത്തീകരണ റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ടി പദ്ധതിയുടെ തീറ്റ വിതരണത്തിനായി മുകുന്ദപുരം, പുത്തൻതോട് സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നാൾ വഴി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ല.

| ക്രമ നം. | ഗുണഭോക്താവ് | തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 1 | വിനിഷ വെണ്ണിയശ്ശേരി | 12/2022 വരെ |
| 2 | വർഗീസ് കാളിയങ്കര | 11/2022 വരെ |
| 3 | വിവേക് | 12/2021 വരെ (1 മാസം) |
| 4 | സരിത ടി.എൻ. | 12/2022 വരെ |
| 5 | മാത്യു | 12/2022 വരെ |
| 6 | അശോകൻ മോനാട്ട് | 12/2022 വരെ |
| 7 | വത്സല സത്യൻ | 12/2022 വരെ |
| 8 | കാഞ്ചന | 10/2022 വരെ |
| 9 | വിജയ ലക്ഷ്മി | 8/2022 വരെ |
| 10 | ഷൈല സജി | 8/2022 വരെ |
| 11 | ശ്രീനിവാസൻ | 9/2022 വരെ |
| 12 | ഗീത രഞ്ജിത്ത് | 8/2022 വരെ |
| 13 | ലീല | 4/2022 വരെ |
| 14 | സുശീല എം.ബി. | 4/2022 വരെ |
| 15 | രാജീവ് സി.എ. | 9/2022 വരെ |
| 16 | ശിവദാസൻ എ.വി. | 9/2022 വരെ |
| 17 | ഡേവിസ് കള്ളാംപറമ്പിൽ | 10/2022 വരെ |
| 18 | ഇന്ദിര | 10/2022 വരെ |
| 19 | സുഭാഷ് | 10/2022 വരെ |
| 20 | ബിജു ഗോപിനാഥ് | 9/2022 വരെ |
| 21 | മോഹനൻ സി.ജി. | 10/2022 വരെ |
| 22 | മണികണ്ഠൻ പി.ബി | 8/2022 വരെ |
| 23 | അനിൽ ചെറാകുളം | 9/2022 വരെ |
| 24 | റിക്സി ജോയ് | 5/2021 വരെ (1 മാസം) |
| 25 | വാസന്തി മണി | 8/2022 വരെ |
| 26 | അശ്വതി | 7/2022 വരെ |
| 27 | മേഴ്സി | 5/2022 വരെ |

| | | |
|---|---|---|
| 28 | അനന്തു | 12/2021 വരെ (1 മാസം) |
| 29 | അൽഫോൺസ | 9/2022 വരെ |

ഓഡിറ്റ് എൻക്വയറി നൽകിയതിന് കന്നുകുട്ടികൾ മരണപ്പെടുന്നതും കാലിത്തീറ്റയുടെ വർദ്ധനവുമാണ് പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനുള്ള കാരണമെന്നും ഒഴിവായ ഗുണഭോക്താക്കളുടെ ബാക്കി വിഹിതം എസ്.എൽ.ബി.പി ഓഫീസിൽ നിന്നുമാണ് തിരിച്ചടക്കാറുള്ളതെന്നാണ് മറുപടി നൽകിയത്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ഉടരാത്ത എല്ലാ ഗുണഭോക്താക്കളുടെയും സബ്സിഡി ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കന്നുകുട്ടികളെ എൻറോൾമെന്റ് നടത്തി പദ്ധതി പൂർത്തീകരിച്ച റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 1/ 02.03.2023)

## 1-27 ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ- കെൽട്രോണിന് തുക അധികം നല്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ, ഗവ.ഗേൾസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, ഇരിങ്ങാലക്കട

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | -44/22 |
| | - ഗവ. ഗേൾസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ |
| ചെലവ് | -99980 (മെയിന്റനൻസ് ഫണ്ട്- റോഡിതരം ) |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | -215/22 |
| | - ഗവ. ഗേൾസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| ചെലവ് | -189946 (മെയിന്റനൻസ് ഫണ്ട്- റോഡിതരം ) |

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | -43/22 |
| | - ഗവ. ഗേൾസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലേക്ക് സ്റ്റേഷനറി, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| ചെലവ് | -99983(മെയിന്റനൻസ് ഫണ്ട്- റോഡിതരം ) |

മേൽ പദ്ധതികൾക്ക വേണ്ടി തുക കേരള സ്റ്റേറ്റ് ഐ.ടി. മിഷന് കൈമാറിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക കൈമാറിയതിന്റെയും ഉപകരണങ്ങൾ ലഭ്യമായതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം. | ട്രഷറി ബിൽ നം. / തീയതി | പ്രൊഫോർമ ഇൻവോയ്സ് നം. / തീയതി | ഉപകരണത്തിന്റെ വിവരം | കൈമാറിയ തുക/ | ടാക്സ് ഇൻവോയ്സ് പ്രകാരം തുക/ ഇൻവോയ്സ് നമ്പർ | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1 | 44/22 | 6/ 29.07.2021 | TVM/ ITBG/ PI/RC/28099/ 20-21 /19.07.2021 തുക 82830/- | ലാപ്ടോപ്പ് - 3 | 82380/- | 81687/-(ITP/ 05944/21-22 Dt 30.09.2021) | 693 |
| 2 | 215/22 | 1/ 31.05.2021 | TVM/ ITBG/ PI/PRC /21732/ 20-2 1 / 22.02.2021 തുക 164760/- | ലാപ്ടോപ്പ് - 6 | 164760/- | 163375/ ITP/05836/21-22 DT 30.09.21 | 1385 |
| 3 | 215/22 | 5/ 29.07.2021 | TVM/ ITBG/ PI/PRC /28072/ 20-21 / 16.07.2021തുക 20188/ | മൾട്ടി ഫങ്ഷൻ പ്രിന്റർ - 1 | 20188/- | 20018/ ITP/08850 /21-22 Dt 08.12.2021 | 170 |
| 4 | 43/22 | 7/ | TVM/ ITBG/ | ഡെസ്ക്ടോപ്പ് - 1 | 40134/- | 39797/ | 337 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 29.07.2021 | PI/RC/28105/ 20-21 / 19.07.2021 തുക 40134 | | | ITP/09093/21-22 Dt 15.12.2021 | |
| ആകെ | | | | | | | 2585 |

മേൽ ഉപകരണങ്ങൾക്ക് ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള തുകയേക്കാൾ അധികരിച്ച് നല്കിയിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം. 2/03.03.2023)

ടി വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നല്കിയതിന് അധിക തുക തിരികെ ലഭിക്കുന്നതിനായി സി.പി.ആർ.എസ്. പോർട്ടലിൽ റിക്വസ്റ്റ് നല്കിയതായി മറുപടി നല്കിയിട്ടുണ്ട്.

കെൽട്രോണിന് അധികം നല്കിയ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് കെയർ മരുന്ന ലഭ്യമാക്കുന്നതിൽ സംഭവിച്ച അപാകത പരിഹരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ
പ്രൊജക്ട് നം: 116/22
പാലിയേറ്റീവ് കെയർ പ്രൈമറി
വികസന ഫണ്ട് ചെലവ് തുക: 550000
മേൽ തുകയിൽ 119972 രൂപ(Vr.No:22102407:7.3.22) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂർ കൈമാറുന്നതിനായി ട്രഷറിയിൽ ബിൽ നൽകി 10.3.22 ൽ പാസ്സാക്കിയിരുന്നവെങ്കിലും അക്കൗണ്ട് നമ്പറിലെ പിശക മൂലം അക്കൗണ്ടിൽ ക്രെഡിറ്റാകാതെ റിട്ടേൺ ആകുകയും യഥാസമയം അക്കൗണ്ട് നമ്പർ കറക്ഷൻ സാംഖ്യയിൽ ചെയ്യാതിരുന്നതു കൊണ്ട് ടി തുക ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരിച്ച് പോകുകയും ചെയ്തിട്ടുള്ളതായി ട്രഷറി ഓഫീസർ 18.10.22ലെ നം.ബി1 /1633 /2022 ന കത്തു മുഖേന അറിയിച്ചു. മേൽ അപാകത സംഭവിച്ചതു മൂലം പാലിയേറ്റീവ് രോഗികൾക്ക് മരുന്ന ലഭ്യമാക്കേണ്ട തുക ഉപയോഗപ്പെടുത്താൻ കഴിയാതെ പോയി. അക്കൗണ്ട് നമ്പർ തെറ്റി നൽകാനിടയായ സാഹചര്യം 31.3.22 നള്ളിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്നു. ട്രഷറി ഓഫീസർ നൽകിയ A/c Receipt പ്രകാരം Credit Status കാണിക്കുന്നത് Return To Govt. Alc എന്നാണ്. ഏത് ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് പണം തിരിച്ച് പോയത് എന്നറിയുന്നതിനായി ട്രഷറി ഓഫീസർക്ക് കത്തു നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക് (നം.17/8.3.23) മറുപടി നൽകി. വിവരം ട്രഷറി ഓഫീസറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതും പ്രസ്തുത തുക പാലിയേറ്റീവ് പൊജക്ടിന് വീണ്ടും ലഭ്യമാക്കാൻ ഉടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-29 പരസ്യ ചെലവിനത്തിൽ വിവിധ ദിനപത്രങ്ങൾക്ക് നൽകിയ ബില്ലുകളിൻമേൽ 15% ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

പരസ്യ ചെലവിനത്തിൽ വിവിധ ദിനപത്രങ്ങൾക്ക് നൽകിയ ബില്ലുകളിൻമേൽ സർക്കാർ ഉത്തരവ് (ആർ.ടി.) 1/2021/IPRD/തി. 04.1.11. പ്രകാരം നിർദ്ദേശിച്ച രീതിയിൽ15% ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം. തി. | തുക | വൗച്ചർ നം./ തിയതി |
|---|---|---|---|---|
| 1 | രാഷ്ട്രദീപിക | TD21020269/21.02.21 | 5838/- | 22101235/25.11.21 |
| 2 | മാതൃഭൂമി | 321000010731/09.05.21 | 6439/- | 22101113/5.11.21 |
| 3 | മംഗളം | MDR 5300/07.03.2021 | 2688/- | 22101110/25.11.21 |
| 4 | മാതൃഭൂമി | 321000067368/ 9.11.21 | 7925/- | 22102181/24.03.22 |
| 5 | മാതൃഭൂമി | 321000010971/11.05.21 | 9015/- | 22101338/09.12.21 |
| 6 | ദീപിക | TD21060094/10.6.21 | 5004/- | 22101332/08.12.21 |
| 7 | മംഗളം | MDR202/21-22 | 3360/- | 22101339/9.12.21 |

പരസ്യ ചെലവിനത്തിൽ ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.19/ 9.3.23) മറുപടി നൽകി. ഉടർനടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-30 പാലിയേറ്റീവ് കെയർ - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം: 115/22
പാലിയേറ്റീവ് കെയർ രണ്ടാം ഘട്ടം
വികസന ഫണ്ട് ചെലവ് തുക: 950000
മേൽ തുകയിൽ നിന്നും PRF NO: 1817/26.08.21 പ്രകാരം 18098 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂർ കൈമാറി. (Vr.No:22100943/4.9.21) പ്രസ്തുത തുകയിൽ 46498 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു. ബാക്കി മരുന്നുകൾ ലഭ്യമാകുന്നതിന് കെ എം എസ് സി എൽ ന് കത്തു നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക് (നം. 17/ 8.3.23) മറുപടി നൽകി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 പി.എം.എ.വൈ ലൈഫ് -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പി.എം.എ.വൈ ലൈഫ് -ഭവനപദ്ധതിയിൽ തുക കൈപറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| ഗുണഭോക്താവ് | ഇതുവരെ കൈപറ്റിയ തുക,രൂപ | അവസാന ഗഡു കൈപറ്റിയ തിയതി |
|---|---|---|
| ഷീബ സുനിൽ,മുഗൾകടം | 200000 | 24.07.2018 |
| മേരിജോണി,കാച്ചപ്പിള്ളി | 360000 | 30.11.2018 |
| പുഷ്പ .ഒ.വി,പള്ളിപ്പുറത്ത് | 200000 | 16.09.2021 |
| അമ്മു കുടാരത്തിൽ | 360000 | 28.09.2017 |
| സാവിത്രി ഒല്ലൂപറമ്പിൽ | 200000 | 31.08.2019 |
| ഷീലസന്തോഷ്,പ്ലാവിങ്ങൽപറമ്പിൽ | 200000 | 07.08.2020 |
| അജിതമാരാത്ത് | 360000 | 24.09.2019 |
| രെജിതകുടാരത്തിൽ | 360000 | 07.08.2020 |
| ഡാലിമോൾ ,പെരിങ്ങാട്ട് | 360000 | 26.07.2019 |
| സുശീലദാസൻ,താഴത്ത് വീട്ടിൽ | 200000 | 20.01.2021 |
| സുനിത.വി.ഡി,കോഴിപ്പറമ്പിൽ | 40000 | 04.01.2019 |
| ചന്ദ്രിക കാരാത്ത് പറമ്പിൽ | 360000 | 29.11.2019 |
| സുജ രഘുനന്ദനന്,കേങ്കയിൽ | 40000 | 12.06.2018 |
| സുധസുനിൽ,പൊന്നേങ്കണ്ടത്ത് | 360000 | 15.05.2020 |
| ലവിത,പറമ്പിൽ | 200000 | 13.04.2020 |
| ലളിത പറമ്പിൽ | 360000 | 20.01.2021 |
| ഓമന,വെട്ടത്ത് | 360000 | 20.01.2021 |
| വസുമതി,പന്തലത്ത് | 360000 | 28.12.2020 |
| ധനലക്ഷ്മി,കോട്ടായി | 200000 | 09.03.2022 |
| ഷൈജസുനിൽ തേലപ്പിള്ളി വീട് | 40000 | 11.01.2022 |
| ബാലകൃഷ്ണൻ അരിക്കാട്ട്പറമ്പിൽ | 40000 | 03.02.2022 |
| കാർത്ത്യായനി കരിച്ചില വീട് | 40000 | 17.03.2022 |
| രഘു വെട്ടിയാട്ടിൽ | 40000 | 11.01.2022 |

വിവിധ DPR കളിലായി തുകകൈപറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 36/13.03.2023)

1-32 ഡിപ്ലോമ വിദ്യാർത്ഥിയ്ക്ക് അർഹതയുള്ളതിലും കുറവ് സ്കോളർഷിപ് അനുവദിച്ചു

ഡിപ്ലോമ വിദ്യാർത്ഥിയ്ക്ക് അർഹതയുള്ളതിലും കുറവ് സ്കോളർഷിപ് അനുവദിച്ചു, വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| വിദ്യാർത്ഥിയുടെ പേര് | പഠിയ്ക്കുന്ന കോഴ്സ്, സ്ഥാപനം | കൈപറ്റിയ സ്കോളർഷിപ്,വൗച്ചർ നമ്പർ,തിയതി | അർഹതയുള്ള സ്കോളർഷിപ് |
|---|---|---|---|
| കാവ്യതിലകൻ, പിണ്ടിയത്ത് വീട് ,മാടായിക്കോണം | ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്‌വെയർ എഞ്ചിനീയറിംഗ്, മഹാരാജ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ | 15000 (22101174/21.10.2021 /675000) | 20000 |

ഇക്കാര്യത്തിൽ നൽകിയ 18/10.03.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ഡിപ്ലോമ വിദ്യാർത്ഥിനിയാണെന്ന് മനസിലാകാത്തതിനാലാണ് ഇപ്രകാരം തുക കുറവ് അനുവദിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഡിപ്ലോമ വിദ്യാർത്ഥിനിയാണെന്ന് വിദ്യാർത്ഥിനി ഹാജരാക്കിയ സാക്ഷ്യപത്രത്തിൽ വ്യക്തമാണ്.ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നഷ്ടമാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

1-33 Sc പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഈ പ്രോജക്റ്റിൽ രണ്ടു ഗഡുക്കളായി തുക കൈപറ്റിയ താഴെപറയുന്ന ഗുണഭോക്താവ് പഠനമുറിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക |
|---|---|
| സജി.വി.എ,<br>വലിയപറമ്പിൽ വീട് ,<br>കുഴിക്കാട്ടുകോണം | 22101585/23.12.2021-50000<br>22102339/14.03.2022-75000<br>ആകെ-125000 രൂപ |

പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 18/10.03.2023)

## 1-34 മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കപ്പെടുന്നു.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളു. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇപ്രകാരം ചുമതല ഏല്പിച്ചു നല്കിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി നഗരസഭയിലെ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. നഗരസഭയിലെ മരണം രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടിയുള്ള ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് മരണ ശേഷവും പെൻഷൻ തുക നൽകി വരുന്നതായി കാണുന്നു.

| രജി. നം. | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|
| 532/21 | ലക്ഷ്മിക്കുട്ടിയമ്മ(വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്) | 04.08.2021 | 107830601054 | വിധവാ പെൻഷൻ | 12/2022 വരെ |
| 428/21 | വിജയൻ എം.എ(പുത്തൻചിറ ഗ്രാമപഞ്ചായത്ത്) | 29.06.2021 | 107820201084 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12/2022 വരെ |
| 176/22 | ശാന്ത ടി.വി. | 15.03.2022 | 102030601786 | വിധവാ പെൻഷൻ | 12/2022 വരെ |
| 196/22 | അശോകൻ എൻ.എം. | 09.04.2022 | 102030400217 | വികലാംഗ പെൻഷൻ | 12/2022 വരെ |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. എല്ലാ അപേക്ഷകളിലും പരിശോധനകൾ നടത്തി മുഴുവൻ അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇരിങ്ങാലക്കുട നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും, എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷനുകൾ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 38/13.03.2023)

## 1-35 കൗൺസിൽ തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഫയൽ G5- 219/ 22

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത് ഇരിങ്ങാലക്കുട നഗരസഭയുടെ ഭാഗമായതിനെ തുടർന്ന് പഞ്ചായത്ത് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും എടുത്തിരുന്ന വായ്പയുടെ നിലവിലുള്ള ബാധ്യത 22,02,030 രൂപയാണെന്നും ആയത് അടവാക്കണമെന്നും കാണിച്ച് 15.03.21 ലെ എ2 /271/ 2012 നം.കെ.യു.ആർ.ഡി.എഫ്.സി കത്ത് ലഭ്യമായിരുന്നു. തുടർന്ന് 29.10.21 ൽ 17-ാം നമ്പർ തീരുമാനം കൗൺസിൽ താഴെ പറയും പ്രകാരം എടുത്തിട്ടുണ്ട്. “29.10.21 ലെ 17-ാം നമ്പർ തീരുമാനപ്രകാരം മേൽ തുകയുടെ പലിശയും പിഴപ്പലിശയും നഗരസഭയ്ക്ക് ഒഴിവാക്കി നൽകുന്നതിനും പ്രിൻസിപ്പൽ ഇനത്തിൽ ശേഷിക്കുന്നതുക ഗഡുക്കളായി അടവാക്കുന്നതിനും അവസരം നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു” പ്രസ്തുത തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം

അറിയിക്കേണ്ടതും, തുക വാർഷിക കണക്കിന്റെ ഭാഗമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 21/10.3.23) KURDFC യുമായി നിരന്തരം ബന്ധപ്പെട്ട് വരുന്നതായും തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

1-36 കിണർ റീചാർജ്ജിംഗ്- ഇൻവോയ്സ് ഇല്ല-സർക്കാർ ഉത്തരവിന് വിരുദ്ധമായ നിർവ്വഹണ നടപടികൾ- നിർവ്വഹണ ഏജൻസിയ്ക്ക് നല്കുന്ന തുകയിൽ നിന്ന് നികുതി കുറവ് ചെയ്യുന്നതിന് പകരം ഗുണഭോക്താവിന് നല്കിയ തുകയിൽ നിന്നും നികുതി കുറവ് ചെയ്തു.

ഫയൽ-പി എച്ച് 1(പി സി 2)2626/21

പ്രോജക്റ്റ്- എസ് ഒ 196/22 കിണർ റീ ചാർജ്ജിംഗ്
നിർവ്വഹണം- ഹെൽത്ത് സൂപ്പർവൈസർ

| വൗച്ചർ നമ്പർ | തീയ്യതി | തുക | തുക നല്കിയതിന്റെ വിവരങ്ങൾ |
|---|---|---|---|
| 22102422 | 30/03/22 | 179602 | 24 ഗുണഭോക്താക്കൾക്ക് നല്കിയ സബ്സിഡി തുക 171602+ ജി എസ് ടി, ആദായ നികുതി ഇനത്തിൽ കുറവ് ചെയ്ത തുക 8000 = 179602 |

സർക്കാർ ഉത്തരവ് (സാധാ) 2867/2018 ത.സ്വ.ഭ.വ തീ 08/11/2018 അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ കിണർ റീ ചാർജ്ജിംഗ് പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് അംഗീകാരമുള്ള ഏജൻസികളിൽ ഒന്നായി ജില്ലാകളക്ടറുടെ ഉത്തരവ് നമ്പർ 2607/2018ഡി.ഡി/ഡി.പി.എം തീയ്യതി 05.03.2019 പ്രകാരം തെരെഞ്ഞെടുത്തിട്ടുള്ള 'മഴപ്പൊലിമ' എന്ന ഏജൻസിയുമായി നിർവ്വഹണോദ്യഗസ്ഥനായ ഹെൽത്ത് സൂപ്പർവൈസർ പിസി2-2626/21 തീ 14/02/22 ആയി കരാർ നമ്പർ 10 ആയി കരാറിലേർപ്പെട്ടിട്ടുണ്ട്.നഗരസഭ നല്കുന്ന ഗുണഭോക്താക്കളുടെ പട്ടികയിലെ ഗുണഭോക്താക്കൾക്ക് ഏജൻസി പരന്ന മേൽക്കൂരയുള്ള വീടിന് 8000 രൂപയും ചെരിഞ്ഞ മേൽക്കൂരയുള്ള വീടിന് 8600 രൂപയും എന്ന നിരക്കിൽ കിണർ റീ ചാർജ്ജ് പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്. .കരാറിലെ 3 മത്തെ നിബന്ധന ഇപ്രകാരമാണ്. *"നഗരസഭ എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ വാല്യുവേഷൻ പ്രകാരമുള്ള തുകയുടെ ഗുണഭോക്തൃവിഹിതം 10% ഒഴികെയും GST/IT 2% കിഴിവ് ചെയ്തും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതാണ് . ഗുണഭോക്താക്കൾ നഗരസഭ ക്രെഡിറ്റ് ചെയ്ത തുകയും ഗുണഭോക്തൃവിഹിതമായ (വാല്യുവേഷൻ തുകയുടെ 10%) തുകയുമുൾപ്പെടെ ഓഫീസ് അംഗീകരിച്ച വിദഗ്ദതൊഴിലാളികൾക്ക് പ്രവൃത്തി മഴപ്പൊലിമ പൂർത്തീകരിക്കുന്ന മുറയ്ക്ക് നല്കേണ്ടതാണ് ."*

മേൽ പ്രകാരം 24 ഗുണഭോക്താക്കൾക്ക് നഗരസഭയുടെ വിഹിതം നല്കിയ ഇനത്തിൽ 171902 രൂപയും നികുതി കുറവ് ചെയ്തത് ഇനത്തിൽ 8000 രൂപയും ഉൾപ്പെടെ 179602 രൂപ 2021-22 വർഷം ചെലവായിട്ടുണ്ട്. ഈ പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

I)സർക്കാർ ഉത്തരവിന് വിരുദ്ധമായി കരാറിലെ നിബന്ധന

സർക്കാർ ഉത്തരവ് (കൈ)22/18/ ത.സ്വ.ഭ.വ തീ 14.2.18 ഖണ്ഡിക 2.8 പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുന്ന സംഗതികളിലാണ് നഗരസഭ ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടാത്തത്.ഈ പ്രോജക്റ്റ് പ്രകാരം നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തതും നിരക്ക് നിശ്ചയിച്ച് നല്കിയതും കരാറിലേർപ്പെട്ടതും നഗരസഭയാണ്. എന്നാൽ നിർവ്വഹണ ഏജൻസിയുമായി നിർവ്വഹണോദ്യഗസ്ഥൻ കരാറിൽ ഏർപ്പെട്ടപ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി കരാറിൽ 3 മത്തെ നിബന്ധന ചേർത്തിരിക്കുന്നു. ഇത് പ്രകാരം ഗുണഭോക്താക്കൾ ആദ്യം കയ്യിൽ നിന്നും ചെലവ് തുക മുഴുവനായി വഹിക്കേണ്ടി വന്നു.

Ii) നിർവ്വഹണ ഏജൻസിയ്ക്ക് നല്കിയ തുകയിൽ നിന്നും നികുതി കുറവ് ചെയ്യുന്നതിന് പകരം ഗുണഭോക്താവിന് നല്കിയ തുകയിൽ നിന്നും നികുതി കുറവ് ചെയ്തു .

മേൽ സൂചിപ്പിച്ച പോലെ ഗുണഭോക്താവ് നേരിട്ട് ഏജൻസിയ്ക്ക് തുക നല്കിയതിനാൽ നഗരസഭ ഗുണഭോക്താവിന് സബ്സിഡി തുക മാത്രം നല്കുകയാണ് ചെയ്തത്. ഇപ്രകാരം തുക 24ഗുണഭോക്താക്കൾക്ക് നല്കേണ്ട സബ്സിഡി തുക കണക്കാക്കിയിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

പരമാവധി പ്രവൃത്തി മൂല്യം (പരന്ന മേൽക്കൂര 8000/ ചെരിഞ്ഞ മേൽക്കൂര 8600 അല്ലെങ്കിൽ ഏജൻസി കണക്കാക്കിയ യഥാർത്ഥ മൂല്യം ഏതാണോ കുറവ് ) - കുറയ്ക്കുക 14% (10% ഗുണഭോക്തൃവിഹിതം+2% ആദായനികുതി+2% ജിഎസ്ടി) = ഗുണഭോക്താവിന് നല്കേണ്ട തുക.

ഇപ്രകാരം ഗുണഭോക്താവിന് നല്കിയ തുകയിൽ നിന്ന് നികുതികൾ കുറവ് ചെയ്തതത് ശരിയല്ല. Income Tax Act 1961, വകുപ്പ് 194(c) പ്രകാരം ".........A Contract Between The Contractor And A Specified Person *Shall, At The Time Of Credit Of Such Sum To The Account Of The Contractor* Or At The Time Of Payment Thereof In Cash Or By Issue Of A Cheque Or Draft Or By Any Other Mode, Whichever Is Earlier, *Deduct* ......" എന്നാണ് പരാമർശിച്ചിട്ടുള്ളത്. അതായത് കരാറുകാരന് തുക നല്കുമ്പോൾ ആ തുകയിൽ നിന്നാണ് കുറവ് ചെയ്യേണ്ടത്.ഇവിടെ നഗരസഭയും ഏജൻസിയുമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ഏജൻസിയ്ക്ക് തുകനല്കുമ്പോൾ ആ ഏജൻസിയ്ക്ക് നല്കുന്ന തുകയിൽ നിന്ന് ആദായനികുതി കുറവ് ചെയ്യുകയും അതിന് നഗരസഭ റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്യേണ്ടിയിരുന്നു.ഗുണഭോക്താവ് കരാറുകാരനല്ല.ആയതിനാൽ ഗുണഭോക്താവിന് നല്കിയ 8600 രൂപയിൽ താഴെയുള്ള സബ്സിഡി തുകയിൽ നിന്ന് 194(c) പ്രകാരമുള്ള ആദായനികുതി കുറവ് ചെയ്തത് ശരിയല്ല.

കേന്ദ്ര/സംസ്ഥാന ജി എസ് ടി നിയമം 2017 വകുപ്പ് 51 പ്രകാരം "...To Deduct Tax At The Rate Of One Per Cent. *From The Payment Made Or Credited To The Supplier* (Hereafter In This Section Referred To As "The Deductee") Of Taxable Goods Or Services Or Both, Where The Total Value Of Such Supply, Under A Contract, *Exceeds Two Lakh And Fifty Thousand Rupees* " എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ് .ജി എസ് ടി നിയമ പ്രകാരവും ഏജൻസിയ്ക്ക് തുക നല്കുമ്പോളാണ് തുകയിൽ നിന്ന് കുറവ് വരുത്തേണ്ടത്.അതിന് നഗരസഭ റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്യേണ്ടിയിരുന്നു.ഗുണഭോക്താവ് ഇവിടെ സാധനമോ സേവനമോ സപ്ലൈ ചെയ്തിട്ടില്ലാത്തതാണ്. ഗുണഭോക്താവിന് നല്കിയ 8600 രൂപയിൽ താഴെയുള്ള സബ്സിഡി തുകയിൽ നിന്ന് പ്രകാരമുള്ള ജി എസ് ടി നികുതി കുറവ് ചെയ്തത് ശരിയല്ല.

ഉപഖണ്ഡിക (I)ൽ പരാമർശിച്ച രീതിയിൽ നഗരസഭ ഗുണഭോക്തൃവിഹിതം പിരിച്ച് സബ്സിഡി തുക ഉൾപ്പെടെ ആകെ തുക ഏജൻസിയ്ക്ക് കൈമാറുന്ന സമയത്ത് ആ തുകയിൽ നിന്നാണ് ആദായനികുതി,ജി എസ് ടി ഇനത്തിലുള്ള നികുതിയുടെ ആദായ നികുതിയിനത്തിലും ചരക്കു സേവന നികുതിയിനത്തിലും TDSകുറവ് ചെയ്യേണ്ടിയിരുന്നത്.

iii) മേൽ ഖണ്ഡികകളിൽ സൂചിപ്പിച്ച പോലെ ജി എസ് ടി, ആദായ നികുതി ഇനങ്ങളിൽ യഥാക്രമം 4000 രൂപ വീതം ആകെ 8000 രൂപ ഏജൻസിയിൽ നിന്നും റിക്കവർ ചെയ്യാതെ ഗുണഭോക്താക്കളിൽ നിന്നും തെറ്റായി കുറവ് ചെയ്ത് നഗരസഭ അക്കൗണ്ടിൽ നിന്ന് അടവാക്കി. ജി എസ് ടി, ആദായ നികുതി ഇനങ്ങളിൽ (ചെക്ക് നമ്പർ 028682 Dated 06/4/22- (രൂപ 90350)- ആദായനികുതി, SBI Online -തീയ്യതി 6/4/22 (രൂപ54488 )) ഇപ്പോൾ അടവാക്കിയിട്ടുള്ള തുകയിൽ മേൽപ്രകാരം തുക കൂടി ഉൾപ്പെടുന്നുവെന്നാണ് നഗരസഭ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്.

എന്നാൽ 'മഴപ്പൊലിമ' എന്ന ഏജൻസിയ്ക്ക് ജി എസ് ടി രജിസ്റ്റ്ട്രേഷൻ, പാൻ കാർഡ് എന്നിവ ഇല്ല എന്ന് പ്രോജക്ട് ഫയലിൽ രേഖപ്പെടുത്തി കാണുന്നു. സർക്കുലർ നമ്പർ 18/19/ധനം തീ 01.03.19 പ്രകാരം ഖണ്ഡിക 4 പ്രകാരം സാധനങ്ങളും സേവനങ്ങളും സപ്ലൈ ചെയ്യുന്നവർക്ക് ജിഎസ്ടി രജിസ്ട്രേഷൻ നിർബന്ധമാണ്. എന്നാൽ ഈ പ്രോജക്ട് നടപ്പാക്കിയപ്പോൾ ആയത് ഉറപ്പാക്കിയില്ല.ജിഎസ്ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ സ്ഥാപനം ജി എസ് ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. ജി എസ് ടി രജിസ്റ്റ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് വേണ്ടി ഗുണഭോക്താക്കളിൽ നിന്നും ജി എസ് ടി റിക്കവറി നടത്തി അടവാക്കി. എന്നാൽ രജിസ്റ്റ്ട്രേഷൻ ഇല്ലാത്തതിനാൽ റിട്ടേൺ ഫയൽ ചെയ്യാൻ സാധിച്ചില്ല.(ഏജൻസി കരാർ പ്രകാരം ആകെ 2,50,000 രൂപയിൽ കവിഞ്ഞ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്.തൻവർഷം നല്കിയ തുകയാണ് 179602രൂപ )

ഏജൻസിക്ക് പാൻ കാർഡ് ഇല്ലാത്തതിനാൽ 194(c) പ്രകാരമുള്ള 2% ആദായനികുതി അല്ല ഈടാക്കേണ്ടത്. മറിച്ച് ആദായനികുതി നിയമം 1961, വകുപ്പ് 206AA 1(iii) പ്രകാരം 20% ഏജൻസിക്ക് നല്കിയ തുകയിൽ നിന്ന് (ഗുണഭോക്താക്കൾക്ക് നല്കിയ തുകയിൽ നിന്നല്ല )കുറവ് ചെയ്യേണ്ടിയിരുന്നു.

സർക്കാർ നിർദ്ദേശിച്ച നടപടി ക്രമം പാലിക്കാതെ പ്രോജക്ട് നടപ്പാക്കിയതിനാൽ ജി എസ് ടി , ആദായനികുതി നിയമം എന്നിവ പാലിക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. ആദായനികുതി ഇനത്തിൽ കുറവുവന്ന തുക ഈടാക്കുന്നതിനും അടവാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

Iv)വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഗുണഭോക്താക്കൾക്ക് തുക നല്കി

ഓവർസീർ നല്കുന്ന പൂർത്തീകരണ സാക്ഷ്യപത്രം ,ഏജൻസി നല്കുന്ന തുക രേഖപ്പെടുത്തിയ സ്ലിപ് എന്നിവയുടെ അടിസ്ഥാനത്തിലാണ് തുക നല്കിയത്. പ്രവൃത്തിയുടെ വാല്യൂവേഷൻ നഗരസഭ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കേണ്ടതാണ്.മേൽ അപാകതകൾ തിരുത്തൽ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 25 തീ 10.03.23 , മറുപടി ലഭ്യമാക്കിയില്ല)

## 1-37 വ്യക്തിഗത കക്കൂസ് നിർമാണം -3,43,920 രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നഗരസഭ സ്വച്ഛ്ഭാരത് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടു.

പ്രോജക്ട് നമ്പർ 533/22 വ്യക്തഗത കക്കൂസ് നിർമാണം

ഫയൽ നമ്പർ- പി സി 2-172071/21

നിർവ്വഹണം-ഹെൽത്ത് സൂപ്പർവൈസർ

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 32100309 | 29/03/22 | 349320 |

മേൽ പ്രകാരം 3,43,920 രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് സൂക്ഷിക്കുന്ന SIB ബാങ്ക് അക്കൗണ്ടിൽ നിന്നും ICICI ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന സ്വച്ചഭാരത് അക്കൌണ്ടിലേയ്ക്ക് മാറ്റിയിട്ടു. ഈ തുകയിൽ നിന്ന് നാളിതുവരെ പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ലാത്തതാണ്. ഫണ്ട് നിബന്ധനകൾക്കനുസരിച്ച് സമയബന്ധിതമായി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 25 തീ 10.03.23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-38 വൈകി എഗ്രിമെന്റ് വെച്ചതിന് പിഴ ഈടാക്കിയിട്ടില്ല-

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

മരാമത്ത് പ്രവൃത്തിയുടെ ടെന്റർ അംഗീകരിച്ച് കൊണ്ട് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം എഗ്രിമെന്റ് വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം 1% പിഴ ഈടാക്കി കൊണ്ട് മാത്രമാണ് എഗ്രിമെന്റ് വെക്കേണ്ടത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം, | സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതി | എഗ്രിമെന്റ് തിയ്യതി | കരാറുകാരൻ | വൗച്ചർ നം. നം. തി |
|---|---|---|---|---|---|
| | നമ്പ്യാങ്കാവ് ഇത്തിക്കുളം ലിങ്ക് റോഡ് കോക്കരച്ചാൽ റോഡ് റിനോവേഷൻ & ഡ്രൈയിൻ കംപ്ലീഷൻ, 342/22 | 27.01.21 | 31.03.21 | ടി.സി.സുനിൽകുമാർ | 22102127/10.03.22 -13419/ 22102128/10.03.22 -150806/- |

മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് വെച്ച സമയത്ത് പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ്എൻക്വയറി (16/08.03.23) നൽകിയതിന് മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒരു പരാമർശം ഒഴിവാക്കിയിട്ടുണ്ട്. മേൽ പ്രകാരമുള്ള അപാകത നിലനിൽക്കുന്നു.

### 1-39 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി ഇനത്തിൽ 2% TDS ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ഇനത്തിൽ 2% TDS ഈടാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തികളുടെ പേര് | ഈടാക്കേണ്ട നികുതി | റിമാർക്സ് |
|---|---|---|---|
| 1 | KSRTC പള്ളി റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നം.271/22<br>എം.ബുക്ക് നം. 41/21<br>കരാറുകാരൻ -റോജോ ജോസ്<br>ആകെ പ്രവൃത്തി മൂല്യം – 414236/-(After Deducting Depl Cost Of Bitumin130418.51)283817.55<br>ബിൽ നം. തി. തുക – 65339/-<br>16/11.10.21<br>കരാർ തുക -560000/- | 5676 | പ്രവൃത്തി മൂല്യത്തിൽ നിന്നും ടാറിനറെ വില കുറച്ച് 2838*2 വീതം ഈടാക്കേണ്ടതായിരുന്നു.<br>ബിൽ നം. 119/25.02.21-244757/-<br>വൗച്ചർ നം.22100993/07.10.21-65339 |
| 2 | കാട്ടിക്കുളം റോഡ് ബേക്കറി ലൈൻ റോഡ് അഭിവൃദ്ധിപ്പെടുത്തൽ<br>പ്രോജക്റ്റ് നം.272/22<br>എം.ബുക്ക് നം. 79/21<br>കരാറുകാരൻ-റോജോ ജോസ്<br>ആകെ പ്രവൃത്തി മൂല്യം -427081.83.92<br>(After Deducting Depl Cost Of Bitumin 80509)<br>കരാർ തുക-520000/-<br>ബിൽ നം. തി. തുക 17/11.10.21-209349/-<br>(Second &Final) | 6750 | പ്രവൃത്തി മൂല്യത്തിൽ നിന്നും ടാറിനറെ വില കുറച്ച് 3375*2 വീതം ഈടാക്കേണ്ടതായിരുന്നു.<br>വൗച്ചർ നം. 22100994/07.10.21-209349/- |

മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഈടാക്കി അടവാക്കേണ്ടതാണ്.26/10.03.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി കരാറുകാരൻ ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്നും, ആയതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-40 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ നിന്ന് ലഭ്യമായ മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകങ്ങളിൽ ചേർത്തിട്ടില്ല.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | പ്രവൃത്തിയുടെ പേര്, | ലഭ്യമായ ആകെ മണ്ണ് | അളവുപുസ്തകം നം./ പേജ്നം. മണ്ണ് -അളവ് |
|---|---|---|---|
| 1. | കർഷക സമിതി റോഡ് അഴുക്ക് ചാൽ നിർമ്മാണം – 312/22 | 64.095m3 | 164/21<br>( പേജ് നം.5,ഇനം1(1))<br>64.095m3<br>മണ്ണ് പള്ളിക്കാട് റോഡിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. |
| 2. | മണ്ണാത്തിക്കുളം റോഡ് ശാന്തി നികേതൻ സ്കൂൾ റോഡ് റീ- | 34.061m3 | 84/22<br>( പേജ് നം.7 ഇനം-2(1)) |

| | | | |
|---|---|---|---|
| | ടാറിങ്ങ് ,ഐറിഷ് ഡ്രൈയിൻ 476/22 | | |
| 3. | ചാലമ്പാടം സൗത്ത് ബസാർഈസ്റ്റ് എന്റ് റോഡ് ഡ്രൈയിൻ വർക്ക്-423/22 | 41.946m3 | 104/21-22 ( പേജ് നം.2-ഇനം1) |
| 4 | റീജൻസി റോഡ് ഡ്രൈയിൻ നിർമ്മാണം-,479/22 | 24.85m3 | 69/21-22, ( പേജ് നം.2ഇനം1) കക്കാട് ടെമ്പിൾ റോഡിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. |
| 5 | കലാനിലയം അഴുക്ക് ചാൽ നിർമ്മാണം-384/22 | 78.409m3 | 3/21-22, ( പേജ് നം.3 -ഇനം.1)വാർഡ് 15അംഗനവാടിറോഡിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. |
| 6 | സൗത്ത് ബസാർ എന്റ് ഡ്രൈയിൻ ,373/22 | 52.738m3 | 123/21, ( പേജ് നം.2-ഇനം1 പ്രകാരം). |
| 7 | സൗത്ത് ബസാർ ഈസ്റ്റ് എന്റ് റോഡ് വൈഡനിങ്ങ് ചാലമ്പാടം ബൈലൈൻ ഡ്രൈയിൻ-/22 | 53.622m3 | 126/22, ( പേജ് നം.4-ഇനം1 പ്രകാരം). |
| 8 | പെരിങ്ങോട് സൈഡ് പ്രൊട്ടക്ഷൻ273/22 | 28.674m3 | 161/21 ( പേജ് നം.1-ഇനം1 പ്രകാരം). |
| 9 | വീവൺ നഗർ റോഡ് ഇംപ്രൂവ്മെന്റ് -460/22 | 50.22m3 | 77/21-22 ( പേജ് നം.4-ഇനം3 പ്രകാരം). |
| 10 | തെക്കേനട റോഡ്രൈയിൻരാമൻചിറതോട് വർക്ക് 274/22 | 39.310m3 | 55/21-22 ( പേജ് നം.2 ഇനം-1) ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മണ്ണ് വ്യവസായ എസ്റ്റേറ്റിൽ നിക്ഷേപിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മണ്ണ് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 11 | വർണ്ണ പഞ്ചിക്കാട് ടെമ്പിൾ റോഡ്കാന നിർമ്മാണം വാർഡ് -321/22 | 12.264m3 | 33/21-22 ( പേജ് നം.16-ഇനം6) |
| 12 | കുന്നമ്മക്കര കാറളത്തുകാരൻ അഴുക്കുചാൽ നിർമ്മാണം വാർഡ്-6,324/22 | 37.626m3 | 35/21-22, ( പേജ് നം.1- -86.190m3 മണ്ണ് കുഴിച്ചെടുത്തതിൽ 48.61m3 ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി മണ്ണ് ലേലം നടത്തിയതായി അറിയിച്ചിട്ടുണ്ട്.ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. |
| 13 | തേലപ്പിള്ളി കൂടാരം റോഡ് -കാന നിർമ്മാണം -253/22 | 125.015m3 | 3/21-22, ( പേജ് നം.6 -ഇനം.1.1പ്രകാരം 42.90m3മണ്ണും, പേജ് നം.10 -ഇനം.2.1പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | 120.104m3മണ്ണും കുഴിച്ചെടുത്തിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 107.89m3 മണ്ണ് ഡിസ്കാസ് റോഡിലും,17.12m3 മണ്ണ് ചാത്തൻ മാസ്റ്റർ സ്മാരക റോഡിലും നിക്ഷേപിച്ചതായി പറയുന്നുണ്ട്. ബാക്കി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് ചെയ്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. |

മേൽ പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് എൻക്വയറി (നം.14/08.03.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-41 പി.എച്ച്.സി.സബ്സെന്റർ മൂർക്കനാട് -പിഴ കുറവ് ഈടാക്കി

വകയിരുത്തിയ തുക 1500000/

കരാർതുക -1212409.09

കരാറുകാരൻ-ടി.പി.ജോയ്

എഗ്രിമെന്റ് -64/26.11.19

കരാർകാലാവധി-12 മാസം

സൈറ്റ് കൈമാറൽ -02.06.20

ഫസ്റ്റ് &പാർട്ട് ബിൽ-514736/-
Final Bill-22101586/29.12.21-240617/-
പ്രോജക്റ്റ് നം.333/22
നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ.

അപാകതകൾ

1) മേൽ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത് 31.10.19 നാണ്. എന്നാൽ എഗ്രിമെന്റ് വെച്ചിട്ടുള്ളത് 26.11.19 നാണ്. എഗ്രിമെന്റ് വെക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

2) എം.ബുക്ക്. നം.53/21 പേജ്1 ഇനം 1 പ്രകാരം 290.977m3 മണ്ണ് എക്സ്കവേറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗം ലഭ്യമല്ല.

3) മേൽ പ്രവത്തിയുടെ കരാർ കാലാവധി 25.11.20 ന് അവസാനിച്ചു. എഗ്രിമെന്റിലെ വ്യവസ്ഥ 7 പ്രകാരം പിഴയില്ലാതെ 25.02.21 വരെ നീട്ടി നൽകാവുന്നതാണ്. പിന്നീട് കാലാവധി നീട്ടി നൽകുമ്പോൾ 1% പിഴ ഈടാക്കി കൊണ്ട് 3 മാസവും (25.05.21 വരെ) 2% പിഴ ഈടാക്കി കൊണ്ട് (25.08.21 വരെ) 3 മാസവും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പണി പൂർത്തീകരിച്ചിട്ടുള്ളത് 03.08.21 നാണ്. ആയതിനാൽ കരാർ തുകയുടെ 3% പലിശ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാർതുക 1212409.09 രൂപയാണ്. ആയതിന്റെ 3%(1212409*3%) 36372/ രൂപയാണ്. എന്നാൽ ഫസ്റ്റ് &പാർട്ട് ബില്ലിൽ നിന്നും 4596/-രൂപയും, ഫൈനൽ ബില്ലിൽ നിന്നും 8793 രൂപയും കൂടി ആകെ 13389/- രൂപ മാത്രമാണ് പിഴയിനത്തിൽ ഈടാക്കിയിട്ടുള്ളത്. പിഴയിനത്തിൽ 22983/- രൂപ കൂടി ഈടാക്കേണ്ടതാണ്. 30/10.03.23 പ്രകാരം എൻക്വയറി നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല.

### 1-42 മയ്യാർ പടവ് പാറക്കുഴി സ്ലൂയിസ് കോൺക്രീറ്റ് ചാൽ നിർമ്മാണം വാർഡ്-4-പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനയർ
പ്രോജക്റ്റ് നം.254/22

കരാറുകാരൻ-ബാബു.സി.എഫ്.

എഗ്രിമെന്റ് തിയ്യതി-13/21-22 Dt.25.08.21

കരാർ കാലാവധി-6മാസം

കരാർതുക-700275/-

തൻവർഷം ആരംഭിച്ച മേൽ പദ്ധതിയുടെ കരാർ കാലാവധി 24.02.22 വരെയായിരുന്നു. എന്നാൽ ഫസ്റ്റ് & പാർട്ട് ബിൽ നൽകിയിട്ടുള്ളത് (508151) 09.05.22 നാണ്. നാളിതു വരെ പണിപൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. പണി പൂർത്തീകരിക്കേണ്ടതും, പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകുന്ന സമയത്ത് കരാർ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്. 27/10.03.23 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ഭ്യമാക്കിയിട്ടില്ല.

## 1-43 പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

അസിസ്റ്റന്റ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവിന് ആധാരമായ ഉകയുടെ പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവ് | വൗച്ചർ നമ്പർ/തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | പുറ്റിങ്ങൽ റോഡ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ-519/22 | 790000 | 22101241/16.8.21<br>2122101255/16.9.21 | ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി പണി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 2 | ആസാദ് റോഡ് കുടിവെള്ള പദ്ധതി 259/22 | 250000 | 22101369/27.12.21 | ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി പണി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 3 | കാരുകളങ്ങര കുടിവെള്ള പദ്ധതി-395/22 | 100000 | 232/30.03.22 | |
| 4 | വെള്ളിക്കാഞ്ഞിരം കുടിവെള്ള പദ്ധതി 329/22 | 550000 | 231/30.03.22 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/08.03.23) നൽകിയതിന് മറുപടി ലഭ്യമാക്കിയതിന്റെ വിവരം റിമാർക്സിൽ ചേർത്തിട്ടുണ്ട്.

## 1-44 ടാർ വാങ്ങി കരാറുകാർക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

1. തൻവർഷം വിവിധ പ്രവൃത്തികൾക്ക് ടാർ വാങ്ങുന്നതിന് BPCL എന്ന സ്ഥാപനത്തിന് 7564585/- രൂപയും, HINDCOL എന്ന സ്ഥാപനത്തിന് - *രൂപയും8 61579-* നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് /സ്റ്റോക്ക് രജിസ്ററർ പ്രകാരം BPCL ൽ നിന്നും 7483941/- രൂപയുടെയും, ,HINDCOL ൽ നിന്ന്ആകെ 525691/- രൂപയുടെയും ടാർ മാത്രമാണ് തൻവർഷം സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളത്. ഇനിയും യഥാക്രമം 80644/- രൂപയുടേയും, 335888/-രൂപയുടേയും ടാർ ലഭിക്കുവാനുണ്ട്.

2. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം RS1 254kg,SS1,2972 Kg, VG30-912kg എന്നിങ്ങനെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ബാരലുകളുടെ ഭൗതിക പരിശോധനയിൽ RS1 400kg/, SS1 3272.4 Kg,VG30 1320kg എന്നിങ്ങനെ സ്റ്റോക്കിലുണ്ട്. മേൽ പ്രകാരം അളവിൽ രജിസ്റ്റർ പ്രകാരവും സ്റ്റോക്കിലും, വ്യതിയാനം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. RS1, SS1 എന്നിവക്ക് പാക്കിങ്ങ് തിയതി മുതൽ ഒരു വർഷമാണ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ മേൽ പറഞ്ഞ RS1, SS1 ഒരു വർഷ കാലാവധി കഴിഞ്ഞവയാണോ എന്ന പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സ.ഉ.(സാധാ) നം.564/2017/ ത.സ്വ.ഭ.വ. തി.01.03.17 പ്രകാരം ടാർ വാങ്ങുന്നതാനാവശ്യമായ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്വന്തം ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും അതിന് ശേഷം സെക്രട്ടറിക്ക് തുക നൽകുന്നതിന് സ്വന്തം ടി.എസ്.ബി അക്കൗണ്ടിന്റെ ചെക്ക് നൽകേണ്ടതാണ്. എന്നാൽ ട്രഷറിയിൽ നിന്നും നേരിട്ട് തുക കമ്പനിക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്.

4) CENTRAL GST നിയമം 2017, വകുപ്പ് 22(1), നോട്ടിഫിക്കേഷൻ 10/19/ Central Tax Dt.07.03.19 എന്നിവ പ്രകാരം ഒരു വർഷം 40 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള സ്ഥാപനം GST രജിസ്ട്രേഷൻ എടുക്കേണ്ടതും, വകുപ്പ് 31(1) പ്രകാരം സപ്ലൈ ചെയ്യുന്ന സമയത്ത് ഇൻവോയ്സ് നൽകേണ്ടതുമാണ്. നഗരസഭ നം.32AAALA3293P1Z0 നമ്പർ ആയി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 4.12.18 മുതൽ GST രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. സപ്ലയർ ഓഫ് സർവ്വീസ്, വർക്ക് കോൺട്രാക്ട് എന്നീ ഇനങ്ങളിലാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും മേൽ പ്രകാരം പ്രവൃത്തികൾക്ക് കോൺട്രാക്ടർക്ക് ടാർ നൽകുമ്പോൾ നിയമം അനുശാസിക്കുന്ന രീതിയിൽ ഇൻവോയ്സ് നൽകിയതായി കാണുന്നില്ല. എന്നാൽ കമ്പനികളിൽ നിന്നും ടാർ വാങ്ങുമ്പോൾ "BILL TO PARTY" എന്ന രീതിയിൽ നഗരസഭയുടെ ജി.എസ്. ടി രജിസ്ട്രേഷൻ നം.32AAALA3293P1Z0 ഉൾപ്പടെ രേഖപ്പെടുത്തി കൊണ്ടാണ് കമ്പനികൾ ഇൻവോയ്സ് നൽകുന്നത്. എന്നാൽ നഗരസഭ കരാറുകാരന് നിയമ പ്രകാരമുള്ള ഇൻവോയ്സ് നൽകുകയോ, ഇൻപുട്ട് ടാക്സ് സംബന്ധിച്ച റിട്ടേൺ നല്കുന്നതായോ ചെയ്യുന്നതായി കാണുന്നില്ല. GST നിയമ പ്രകാരം നഗരസഭക്ക് ഫൈൻ നൽകേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതാണ്.

ഓഡിറ്റ് എൻക്വയറി (35/13.03.23) നൽകിയതിന് മറുപടി ലഭ്യമാക്കിയതിൽ ബാലൻസ് തുക റീഫണ്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും, സ്റ്റോക്കിലുള്ള RS1, SS1, VG30 എന്നിവ ലേലം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-45 വിവിധ തോടുകൾ വൃത്തിയാക്കൽ - ജി.എസ്.ടി ഉൾപ്പടെയുള്ള തുക കരാറുകാരന് നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution"). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ലിൽ നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രൊജക്റ്റ് നം. പ്രവൃത്തി , അടങ്കൽ, ഫണ്ട്, കരാറുകാരൻ | എം.ബി | പ്രവൃത്തിമൂല്യം | ജി.എസ്.റ്റി | ജി.എസ്.റ്റി ഉൾപെടെ പ്രവൃത്തിമൂല്യം | വൗച്ചർ നം | തുക |
|---|---|---|---|---|---|---|
| 477/12,വിവിധ തോടുകൾ വൃത്തിയാക്കൽ,300000/-, കെ.എ.ഗോപികമാർ | 81/21-22 | 294201 | 35304.16 | 329505/- | 22102167/22.03.22 | 300000 |

മേൽ പ്രകാരം 35304/ രൂപ കേന്ദ്ര-സംസ്ഥാനസർക്കാരുകളിലേക്ക് അടവാക്കേണ്ടിവന്നിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായി അടവാക്കേണ്ടി വന്നിട്ടുള്ളത്. ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 33/13.03.23)

1-46 കർഷക സമിതി റോഡ് അഴുക്കുചാൽനിർമ്മാണം വാർഡ്-36-പൊളിച്ചെടുത്ത കരിങ്കല്ലിന്റെ വിനിയോഗ വിവരം ലഭ്യമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രോജക്റ്റ് നം. 312/22

എം.ബുക്ക് നം.164/21

വൗച്ചർ നം.22101148/28.10.21-599473

മേൽ പ്രവൃത്തിയുടെ ഇനം 2(1) പേജ് 2 പ്രകാരം 36.99m3 കരിങ്കല്ല് പൊളിച്ചെടുത്തിട്ടുണ്ട്. ആയത് എടയേഴത്ത് കുളം നിർമ്മാണം വാർഡ് 35 ന് ഉപയോഗിച്ചതായി (പേജ് 3) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എടയേഴത്ത് റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ (പ്രോജക്റ്റ് നം. 305/22 ) ഇനം 9 പ്രകാരം 67.068m3 കരിങ്കല്ല് ഉപയോഗിച്ച് കുളത്തിന്റെ റോഡിനരികിലുള്ള സൈഡ് കെട്ടിയിട്ടുണ്ടെങ്കിലും ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ ഉപയഗിച്ചതായി കാണുന്നില്ല. മാത്രമല്ല 310/22 നമ്പരായി എടയേഴത്ത് കുളത്തിന്റെ സൈഡ് കെട്ടൽ എന്ന പദ്ധതിക്ക് വേണ്ടി 380000/- രൂപ വകയിരുത്തിയെങ്കിലും ടി പ്രവൃത്തി ചെയ്തിട്ടില്ല. പൊളിച്ചെടുത്ത കരിങ്കല്ലിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം.34/13.03.23) നൽകിയതിന് മറുപടി ലഭ്യമാക്കിയത് പ്രകാരം 36.99m3 കരിങ്കല്ല് ഉപയോഗിച്ച് റബിൾപാക്ക് ചെയ്ത് സ്റ്റോങ്ങ് ആക്കിയതിന് ശേഷമാണ് ടി ഭാഗങ്ങളിൽ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി നടത്തിയിട്ടുള്ളത്. എന്നാൽ ടി ഇനം പ്രവൃത്തി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2022 മാർച്ച് 10 ലെ ഡേ ബുക്ക് പ്രകാരം 6,16,460/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരവും ക്യാഷ് ബുക്ക് പ്രകാരവും 6,14,060/- രൂപ മാത്രം ആണ് ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ടി തുക മാത്രമാണ് ബാങ്കിൽ വരവ് വന്നിട്ടുള്ളൂ. കൂടാതെ 07.04.2022 വരെ 2400 /- രൂപയുടെ ഈ വ്യത്യാസം ക്യാഷ് ബുക്കിൽ പ്രതിഫലിക്കുന്നുണ്ട്. 08.04.2022 മുതൽ തെറ്റായ എൻട്രികൾ മൂലം കളക്ഷൻ തുകയേക്കാൾ കുറഞ്ഞ തുകയാണ് അതാത് ദിവസത്തെ നീക്കിയിരിപ്പായി കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് 20.04.2022 മുതൽ കാഷ് ബുക്കിൽ നെഗറ്റീവ് ബാലൻസ് ആണ് കാണിക്കുന്നത്. 2400/- രൂപ

കാഷ് ബുക്കിൽ ക്രമീകരിച്ചതായി കാണുന്നില്ല.ആയതിനാൽ 2022 മാർച്ച് 10 ലെ വരവിൽ 2400/- രൂപ, കുറവ് റെമിറ്റ് ചെയ്തതായി ഓഡിറ്റ് നിഗമനത്തിലെത്തുന്നു. ടി തുക ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / തീയതി | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| KWA | Proj No. 238/ 22 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | Vr.no:22102363/ 30.03.22 | 3521680/- | പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| KWA | Proj No. 259/ 22 ആസാദ് റോഡ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 13 | Vr.no:22102363/ 30.03.22 | 250000/- | പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| KWA | Proj No. 329/ 22 വള്ളിക്കാഞ്ഞിരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി വാർഡ് 1 | ട്രഷറി ബിൽ നം.231/30.03.2022 | 550000/- | പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| KWA | Proj No. 519/ 22 പൂറ്റിങ്ങൽ റോഡ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | Vr.no:22102211/ 28.03.22 | 790000/- | പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പ / വായ്പ തിരിച്ചടവ്

| പേര്, ഉദ്ദേശ്യം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ചതുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| PMAY-HUDCO | ---- | 42986666 | 3306666 | --- | 396800000 |
| PMAY Loan | ----- | 2353990 | 2353990 | -- | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8149583/- |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 89717 |
| 3 | ആകെ | 8239300 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8239300 |

*(വിവരങ്ങൾ ബാലൻസ് ഷീറ്റ് പ്രകാരം.) ഇതിൽ രൂപയുടെ നിക്ഷേപവും രൂപയുടെ ഇക്വിറ്റി ഷെയറും ഉൾപ്പെടുന്നു. ഇക്വിറ്റി ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**ഫിക്സഡ് ഡെപ്പോസിറ്റിന് തൻവർഷം ലഭിക്കേണ്ട പലിശ കണക്കാക്കി ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ടി തുക പലിശയിനത്തിൽ വരവായി എടുക്കേണ്ടതായിരുന്നു.എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല.

## 4-8 ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 326207075.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 311744957.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 2400.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,03,050.00 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 2400 | ശ്രീ.മുഹമ്മദ് അനസ് കെ.എം,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 19,03,050 | ശ്രീ. സൈനുദ്ദീൻ കെ.എം ഹെൽത്ത് സൂപ്പർവൈസർ |
| ആകെ | 19,03,050 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തട സ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുഹമ്മദ് അനസ് കെ.എം,സെക്രട്ടറി | സെക്രട്ടറി, ഇരിഞ്ഞാലക്കട നഗരസഭ | കണ്ണങ്കേരിവീട്, പാതാളം, കുറ്റിക്കാട്ടുകര, ഉദ്യോഗമണ്ഡൽ,എറണാകുളം, |

| | | |
|---|---|---|
| | | പിൻ:680688 |
| ശ്രീ. സൈനുദ്ദീൻ കെ.എം ഹെൽത്ത് സൂപ്പർവൈസർ. | പ്രൊവിഷണൽ സെക്രട്ടറി, സുൽത്താൻ ബത്തേരി നഗരസഭ | കല്ലുപുരയ്ക്കൽ വീട്, മാപ്രാണം, മാടായിക്കോണം.പി.ഒ.. പിൻ:680712 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ടി.2(1)5461/76 |
| 1973-74 | എൽ.എഫ്.ടി.2(1)6512/76/17.1.76 |
| 1974-75 | എൽ.എഫ്.ടി.2(1)4219/26/11.9.76 |
| 1975-76 | എൽ.എഫ്.ടി.2(1)4956/77/133.5.77 |
| 1976-77 | എൽ.എഫ്.ടി.2/1900/78/14.5.79 |
| 1977-78 | എൽ.എഫ്.ടി.2/519/1588/80/4.8.80 |
| 1978-79 | എൽ.എഫ്.ടി.4/1330/81/2.12.81 |
| 1979-80 | എൽ.എഫ്.ടി.4/2228/85/19.5.86 |
| 1980-81 | എൽ.എഫ്.ടി.4/8183/3.3.88 |
| 1981-82 | എൽ.എഫ്.ടി.4/1856/88/13.2.84 |
| 1982-83 | എൽ.എഫ്.ടി.4/2026/88/2.6.84 |
| 1983-84 | എൽ.എഫ്.ടി.4/1682/89/3.8.90 |
| 1984-85 | എൽ.എഫ്.ടി.4/207/91/22.7.91 |
| 1985-86 | എൽ.എഫ്.ടി.4/977/95/4.8.96 |
| 1987-88 | എൽ.എഫ്.ടി.4/975/95/30.1.97 |
| 1988-89 | എൽ.എഫ്.ടി.4/975/95/30.1.97 |
| 1990-91 | എൽ.എഫ്.ടി.4/1553/96/30.7.97 |
| 95-96വരെ | എൽ.എഫ്.ടി.4/1922/2000/17.10.01 |
| 96-97,97-98 | എൽ.എഫ്.ടി.4/378/03/5.11.03 |
| 92-93 മുതൽ 95-96വരെ | എൽ.എഫ്.ടി.4/446/09/21.5.10/23.10.10 |
| 99-2000 | എൽ.എഫ്.ടി.4/442/09/22.5.10/1.11.10 |
| 2000-01 | എൽ.എഫ്.ടി.4/443/09/22.5.10/1.11.10 |
| 2001-02 | എൽ.എഫ്.ടി.4/444/09/22.5.10/1.11.10 |
| 2002-03 | എൽ.എഫ്.ടി.4/445/22.5.10/1.12.10 |
| 2003-04 | എൽ.എഫ്.ടി.4/1129/09/25.6.10/4.2.11 |
| 2004-05 | എൽ.എഫ്.ടി.4/1130/09/26.6.10/26.10.10 |
| 2005-06 | എൽ.എഫ്.ടി.4/840/10/29.9.11/24.10.11 |
| 2006-07 | എൽ.എഫ്.ടി.4/841/10/7.10.11 |
| 2007-08 | എൽ.എഫ്.ടി.4/318/11/9.11.11/9.1.12 |
| 2008-09 | എൽ.എഫ്.ടി.(എം)/319/11/9.11.11/10.1.12 |
| 2009-10 | എൽ.എഫ്.ടി.(എം)/2601/11/17.8.12 |
| 2010-11(ചെലവ്) | എൽ.എഫ്.ടി.(എം)/2602/11/21.8.12 |
| 2010-11(വരവ്) | എൽ.എഫ്.ടി.(എം)1607/12/3.10.12 |
| 2011-12 | എൽ.എഫ്.ടി.(എം)37/2013/15.5.13/7.9.13 |
| 2012-13 | എൽ.എഫ്.ടി.(എം)914/2014/12.1.15/16.3.15 |
| 2013-14 | നം.കെ.എസ്.എ.ടി.എസ്.ആർ.(എം.)1451/15, തി.17.11.15/15.12.15 |
| 2014-15 | നം.കെ.എസ്.എ.ടി.എസ്.ആർ.(എം.) 1440/16, തി.10-08-2016 |
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ.(എം.) 57/17, തി.30-01-2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(എം)1750/17 തീയതി.11.12.17/10.01.18 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(എം)592/19 തീയതി.05.07.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(എം) 359/20, തീയതി.10.06.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(എം1) 322/22,തിയതി.11.05.2022 |
| 2020-21 | കെ.എസ്.എ.ടി.എസ്.ആർ.(എം3) 347/22,തിയതി.29.06.202 /03.07.22 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്